
# ലിററിൽ വേ
# അസോസിയേഷൻ



www.malankaralibrary.com

# ലിററിൽ വേ
# അസ്സോസിയേഷൻ

www.malankaralibrary.com

4th Edition
Copy 1000
2-1-1985.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വിഷയവിവരം


I L. W. A. യുടെ ആരംഭം

a) മാർഗ്ഗനിർദ്ദേശകതത്വങ്ങൾ

b) ദേശീയസെമിനാറിന്റെ ഉദ്ദേശ്യങ്ങൾ

II ആദ്ധ്യാത്മികചൈതന്യവും ഉദ്ദേശ്യലക്ഷ്യങ്ങളും

a) വി. കൊച്ചുത്രേസ്യായുടെ ദൈവസ്നേഹം

b) വി. കൊച്ചുത്രേസ്യായുടെ സഹജസ്നേഹം

c) വൈദികരോടുള്ള വിശുദ്ധയുടെ സ്നേഹം

III L. W. A. ഗ്രൂപ്പുകൾക്കുള്ള നിർദ്ദേശങ്ങൾ

a) ഗ്രൂപ്പുരൂപീകരണം

b) വലിപ്പം

c) ഭരണരീതി

d) യോഗങ്ങൾ

e) പ്രേഷിതപ്രവർത്തനസമിതികൾ

f) മുദ്രയും മുദ്രാവാക്യവും

IV പ്രാർത്ഥനകൾ

a) മിഷനുവേണ്ടിയുള്ള പ്രാർത്ഥന

b) വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന

c) വി. കൊച്ചുത്രേസ്യായോടുള്ള പ്രാർത്ഥന

d) വിശുദ്ധയുടെ സ്വന്തം പ്രാർത്ഥന

V L. W. A. യിലെ ആത്മീയ ഉപദേഷ്ടാക്കളുടെ നിർദ്ദേശങ്ങൾ

VI കേരളത്തിൽ L. W. A. യുടെ പ്രവർത്തനം

VII വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതത്തിലെ അവിസ്മരണീയ ദിനങ്ങൾ

VIII സർക്കുലറിൽനിന്നും............

IX ചെറുപുഷ്പസൂക്തങ്ങൾ.


www.malankaralibrary.com

# I

## അതെങ്ങനെ സംഭവിച്ചു

മേരി ഡൂഹാൻ എന്ന കുഗ്രാമ കന്യകയിൽ വന്നു ചേർന്ന ധന്യമായ അനുഗ്രഹം! വെറും സാധാരണക്കാരിയായി ജീവിതസരണിയിൽ ദിവസങ്ങൾ നീക്കിയ അവളിൽ ആ സംഭവം അപ്രതീക്ഷിതമായിരുന്നു.

മിഷൻ പ്രവർത്തനത്തിന്റെ മേച്ചിൽ സ്ഥലങ്ങളിൽ ജീവിതത്തിന്റെ സൗഭാഗ്യം കണ്ടെത്തിയ രണ്ടു വൈദികസഹോദരൻമാരും ത്യാഗോജ്ജ്വലമായ ജീവിതം നയിക്കുന്ന ഒരു കന്യസ്ത്രീയും മേരി ഡൂഹാന്റെ മാതാപിതാക്കൾ ലോകത്തിനു സംഭാവന ചെയ്തിട്ടുള്ള ത്യാഗപുഷ്പങ്ങളാണ്.

സഹോദരമിഷനറിയുടെ ആ കത്തു് അവളെ, മേരിയെ ആകെ പെട്ടെന്നുലച്ചുകളഞ്ഞു. സമുദ്രത്തിൽനിന്നും ആഞ്ഞടിച്ച കൊടുങ്കാററിൽ ഒരു സുപ്രഭാതത്തിൽ അദ്ദേഹം ഉണർന്നു നോക്കുമ്പോൾ, അദ്ദേഹത്തിന്റെ ഗ്രാമീണ ദേവാലയം അപ്രത്യക്ഷമായിരിക്കുന്നു!!

ദേവാലയത്തിന്റെ പുനരുദ്ധാരണം എന്ന ആശയം മേരിയെ കർമ്മനിരതയാക്കി. സേവനോത്സുകനായി മിഷ്യൻ രംഗത്തു് പ്രവർത്തിക്കുന്ന തന്റെ സഹോദരന്റെ ക്ലേശങ്ങൾ അവളെ സ്പർശിച്ചു. ആ ക്ലേശത്തിന്റെ വ്രണങ്ങളിൽ സുഗന്ധതൈലം പുരട്ടുന്ന ഒരു ദേവകന്യകയായി പെട്ടെന്നു് മേരി രൂപാന്തരപെട്ടു. ലണ്ടൻ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമുദായികോദ്ധാരണത്തിന്റെ ചൈതന്യം തുളുമ്പു

www.malankaralibrary.com

ന്ന ചലച്ചിത്ര പ്രദർശനങ്ങൾ അവരെ കാഴ്ചവെച്ചു. ഫിലിം പ്രദർശനത്തിൽനിന്നും സംഭരിച്ച ഭീമമായ സംഖ്യയിൽ ഒരു ഭാഗം മേരി തൻെറ മറെറാരു സഹോദരനു പള്ളിയുടെ ചാപ്പൽ നിർമ്മാണത്തിനായി അയയ്ക്കുകയുണ്ടായി.

പിന്നീടു് മേരി ബർമ്മയിലുള്ള മിഷനറി വൈദികർക്കു് എന്തെങ്കിലും സഹായം ആവശ്യമുണ്ടോയെന്നു തൻെറ സഹോദരിക്കു കത്തെഴുതി തിരക്കി. പിഞ്ചുകുഞ്ഞുങ്ങൾക്കു നല്കാൻ വേണ്ടത്ര ധാന്യങ്ങളില്ലെന്നും, സ്കൂളിൻെറ മേൽക്കൂര ചോർന്നു് കുട്ടികൾ നനഞ്ഞൊലിച്ചാണു് പഠിക്കുന്നതെന്നുമുള്ള മറുപടിയാണു് മേരിക്കു സഹോദരിയിൽനിന്നും കിട്ടിയതു്.

സാർവ്വദേശീയമായ മാനുഷിക പ്രശ്നങ്ങൾ ഒരു മിഷനറിയുടെ സേവനമനോഭാവത്തെ വിപുലീകരിക്കുമെന്നുള്ളതു് തീർച്ചയാണു്. അതുകൊണ്ടുതന്നെയാണു് ബർമ്മയിലേക്കുള്ള സഹായപദ്ധതികൾ സംഘടിതരൂപത്തിൽ വികസിപ്പിക്കുവാൻ മേരി നിശ്ചയിച്ചതു്.

ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യായ്ക്കു സ്വയം സമർപ്പിക്കപ്പെട്ട ഒരു ജീവിതമാണു് മേരി നയിച്ചിരുന്നതു്. ലളിതമായ ജീവിതരീതികളിലൂടെ ഈ പുണ്യവതി അനേകായിരങ്ങളെ ആകർഷിക്കുകയും പുണ്യജീവിതത്തിലേക്കു പരിവർത്തനം ചെയ്യിപ്പിക്കുകയുമുണ്ടായി. ദൈവത്തിൻെറ സാന്നിദ്ധ്യം പ്രാർത്ഥനയിലും ആത്മത്യാഗത്തിലും അനുസരണത്തിലും ചെറിയ ചെറിയ പുണ്യപ്രവർത്തികളിലും വിശുദ്ധ കൊച്ചുത്രേസ്യാ കണ്ടെത്തി. മഹത്തായ ആത്മപരിത്യാഗത്തിലൂടെ ആ ധന്യ ഭൂമുഖത്തെങ്ങുമുള്ള

www.malankaralibrary.com

വിദേശ മിഷൻ പ്രവർത്തകസംഘടനകളുടെ രക്ഷാധികാരണിയായിത്തീർന്നു; മഹത്തായ മിഷ്യൻ പ്രവർത്തനങ്ങളിലൂടെ മഹത്വത്തിന്റെ മഹോന്നതിയിലെത്തിയ വിശുദ്ധ ഫ്രാൻസിസ് സേവ്യരും അവൾക്കു മാർഗ്ഗദർശിനിയായിരുന്നു.

വിശുദ്ധ കൊച്ചുത്രേസ്യയുടെ നൈസർഗ്ഗീകമായ പുണ്യ ചൈതന്യം കണ്ടെത്തിയ മേരിക്കു് ലളിതമധുരമായ ജീവിതമാർഗ്ഗം അടിസ്ഥാന സിദ്ധാന്തമാക്കി "ലിററിൽവേ അസോസിയേഷൻ" എന്ന മിഷൻ സംഘടനയ്ക്കു രൂപം കൊടുക്കുവാനുള്ള പ്രേരണ ലഭിച്ചു. വിശുദ്ധയുടെ ചെറിയ വഴിയിലൂടെയുള്ള ജീവിതസഞ്ചാരത്തിൽ ആത്മശാന്തിയുടേയും സ്വയം പരിത്യാഗത്തിന്റെയും ദീപശിഖയുമേന്തി ശ്രീയേശുവിന്റെ സത്യത്തിന്റെയും സമാധാനത്തിന്റെയും സാമ്രാജ്യം സ്ഥാപിക്കുവാൻ എളുപ്പമുണ്ടെന്നു മേരി കണ്ടെത്തി

1962 മാർച്ചു് 21 നാനു് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം ഈ ആത്മീയ സംഘടനയ്ക്കു അവയുടെ നിയമസംഹിതകൾ ശരിവച്ചുകൊണ്ടു് ഉത്തരവായതു്. ഭരണഘടനയുടെ മൂന്നാം വകുപ്പിൽ ഇങ്ങനെ പറയുന്നു:

A) ***ഈ സംഘടനയുടെ മാർഗ്ഗ നിർദേശകതത്വങ്ങൾ***

a) വിശുദ്ധ കൊച്ചുത്രേസ്യായുടെ ലളിതമായ മാർഗ്ഗങ്ങളിലൂടെ വൈദികരും മിഷൻപ്രവർത്തകരും ആത്മപരിശുദ്ധി നേടി ജീവിത നന്മകണ്ടെത്തുക.

b) വിദേശ മിഷനുകളുമായി സ്നേഹത്തിലും സഹവർത്തിത്വത്തിലും മുന്നോട്ടു പോവുകയും ആവുന്നത്ര സഹായങ്ങൾ അവർക്കു എത്തിച്ചുകൊടുക്കുകയും ചെയ്യുക.

www.malankaralibrary.com

ലിററിൽ വേ അസോസിയേഷൻെറ കേന്ദ്രമരണം ലണ്ടനിലുള്ള അവയുടെ മുഖ്യസ്ഥാപകമന്ദിരത്തിൽനിന്നുമാണു് 1962 മുതൽ പ്രാവർത്തികമായി നയിക്കപ്പെടുന്നതു്. (No. 119 Cedar's road, London S. W. 4) ഇതിനു മുൻപു കന്യാസ്ത്രീകറ ഉപയോഗിച്ചിരുന്ന ബൃഹത്തായ ഒരു കെട്ടിടമാണതു്. സംഘടനാ പ്രവർത്തനത്തിനു ആവശ്യമായി വരുന്ന മുറികറക്കു പുറമേ എല്ലാവിധ ബോർഡിംഗ് സൗകര്യങ്ങളോടും കൂടിയ ഇരുപതു ഇരട്ട മുറികറ ലണ്ടനിൽ പഠിക്കുകയോ തൊഴിലിൽ ഏർപ്പെടുകയോ, ചെയ്യുന്ന യുവജനങ്ങറക്കായി തിരിച്ചിട്ടിരിക്കുന്നു. അവയ്ക്കു വാടകയിനത്തിൽ കിട്ടുന്ന തുക ആ കെട്ടിടത്തിൻെറ അററകുററപ്പണികറക്കും വികസന സജ്ജീകരണങ്ങറക്കുമായി ഉപയോഗിക്കുന്നതാണു്.

സംഘടനയുടെ സ്ഥാപകാംഗങ്ങറ മുഴുവൻ അർപ്പണമനോഭാവമുള്ള ആത്മായരായ സ്ത്രീകളും പുരുഷൻമാരുമാണു്. വേതനം വാങ്ങാത്തവരും, മററെവിടെയും കിട്ടാവുന്നതിൽനിന്നും തുലോം നാമമാത്രമായി വേതനം പററുന്നവരുമായി പണിയെടുക്കുന്നവരുമാണു് ഈ സ്ഥാപകാംഗങ്ങറ എല്ലാവരും. സംഘടനാ പ്രവർത്തനസഹായികളായി അസംഖ്യം വോളണ്ടിയറൻമാർ അവരുടെ വിശ്രമാവസരങ്ങറ ഗണ്യമായി സംഭാവന ചെയ്തുപോരുന്നുണ്ടു്. മിഷൻ പ്രവർത്തനങ്ങറക്കായി ഈ കൂട്ടായ യത്നം മുഴുവൻ പ്രയോജനപ്പെടുത്തി വരുന്നു.

ആരംഭഘട്ടത്തിൽതന്നെ മേരി ഡുഹാൻെറയും വിശ്വസ്തരായ സഹപ്രവർത്തകരുടെയും കർമ്മപരിപാടികളെ മിഷനറിമാർ വ്യക്തിപരമായി അഭിനന്ദി

www.malankaralibrary.com

ക്കുകയും, നന്ദിയുടേയും, കൃതജ്ഞതയുടെയും, ആശംസകളുടെയും കത്തുകളുടെ പ്രവാഹത്താൽ വീർപ്പുമുട്ടിക്കുകയും ചെയ്തു.

മിഷൻ ഇടവകകളിൽ ചെറിയ ഗ്രൂപ്പുകളുണ്ടാക്കി സംഘടനാപ്രവർത്തനങ്ങൾ അതാതു സ്ഥലങ്ങളിൽ കരു പിടിപ്പിക്കുന്നതു നന്നായിരിക്കുമെന്ന ആശയം ഇതേത്തുടർന്നു മേരിക്കുണ്ടായി. ഈ ആശയം അവളുടെ മിഷൻ സുഹൃത്തുക്കളെ അറിയിക്കുകയും പുണ്യചരിതയായ കൊച്ചുത്രേസ്യായെക്കുറിച്ചുള്ള ചരിത്രക്കുറുപ്പുകളും സാഹിത്യകൃതികളും ഓരോ മേഖലകളിലേക്കും മേരി അയച്ചുകൊടുക്കുകയും ചെയ്തു. കൊച്ചുത്രേസ്യായുടെ ചെറിയ വഴിതന്നെ അംഗങ്ങൾ ജീവിതരീതിയായി അംഗീകരിക്കണമെന്നുള്ളതാണു് അവയുടെ ലക്ഷ്യം. കയ്യെഴുത്തുകളും പുസ്തകക്കുറിപ്പുകളും ഈ ലക്ഷ്യത്തിൽ തുരുതുരെ പ്രസിദ്ധീകരിച്ചുതുടങ്ങി.

കഴിഞ്ഞ പതിനഞ്ചു വർഷത്തിനിടയിൽ L. W. A. ഗ്രൂപ്പുകൾ ലോകത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള സ്കൂളുകളിലും ഇടവകകളിലും വ്യാപകമായി രൂപം കൊണ്ടിട്ടുണ്ടു്. പരസ്പരസഹകരണത്തിലൂടെ ക്രിസ്തുവിൻെറ സ്നേഹത്തിൻെറ ചൈതന്യം പകരുന്ന വിശ്വസ്താനുയായികളായി ഓരോ ഇടവകകളിലും വൈദികരുടെ നിർദ്ദേശസഹായങ്ങളോടെ ഇവയിലെ അംഗങ്ങൾ പ്രവർത്തിച്ചുപോരുന്നു. വിശുദ്ധ കൊച്ചുത്രേസ്യായുടെ വഴിയിൽ മുന്നോട്ടു കൂടുതൽ കൂടുതൽ സരളമായ പുണ്യപ്രവർത്തനങ്ങൾ കുടുംബാന്തരീക്ഷത്തിലും വിദ്യാലയങ്ങളിലും ജോലിസ്ഥലങ്ങളിലും നിർവൃതിപ്രദമായ അനുഭവങ്ങളാക്കിത്തീർക്കുകയെന്നുള്ളതാണു് ഇവയുടെ ആത്യന്തിക ലക്ഷ്യം.

www.malankaralibrary.com

പ്രാർത്ഥനയും സൽപ്രവർത്തിയും വഴി ക്രിസ്തുവിന്റെ സ്നേഹം പകർന്നു പാവപ്പെട്ടവരുടെ കണ്ണുനീർ തുടച്ചു് എല്ലാവിധത്തിലും നന്മയുടെ കൈത്തിരി പ്രകാശിപ്പിച്ചു് അവരെ ഉദ്ധരിക്കുവാൻ L. W. A. യ്ക്കു സാധിച്ചിട്ടുണ്ടു്.

ആരംഭഘട്ടത്തിൽ ഗ്രൂപ്പുപ്രവർത്തനങ്ങളിൽ കഠിനനിബന്ധനകളോ, നിഷ്കർഷകളോ, ഉണ്ടായിരുന്നില്ല. ചുമതലപ്പെട്ട വൈദികൻ ആദ്ധ്യാത്മിക ചൈതന്യത്തിലും അംഗങ്ങളുടെ ജീവിതനിഷ്ഠയിലും നൈസർഗ്ഗികമായ പ്രേരണ ചെലുത്താൻ തക്ക വാക്‌വൈഭവമുള്ളവനായിരിക്കണമെന്നു നിർബന്ധമാണു്.

ഇൻഡ്യയിലെ മിഷൻകേന്ദ്രങ്ങളിൽ L. W. A. ഗ്രൂപ്പുകൾ രൂപം കൊണ്ടിട്ടു് വളരെ കാലങ്ങളായി. ഓരോ വർഷം ചെല്ലുംതോറും എണ്ണത്തിൽ അവ അടിക്കടി വർദ്ധിക്കുകയും അങ്ങനെ ഇപ്പോൾ നാല്പതിലധികം രൂപതകളിൽ ഇൻഡ്യയിലെങ്ങും പടർന്നുപന്തലിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഈ ഗ്രൂപ്പുകൾ തമ്മിൽ ഐക്യദാർഢ്യത്തോടെ പ്രവർത്തിക്കുവാൻ അഖിലേന്ത്യാതലത്തിൽ ഒരു ദേശീയകേന്ദ്രം ബാംഗ്ളൂരിൽ(Little Way Association Kumbalgod P. O Kengeri 560074 Banglore South) സ്ഥാപിക്കുകയും അവയുടെ ഡയറക്ടറായി റവ. ബ്രദർ ലൂയിസ് ബ്യൂറോ ഓ. എസ്. ജി. യെ നിയമിക്കുകയും ചെയ്തിട്ടുണ്ടു്. 1973 നവംബർ 13–നു ബാംഗ്ലൂരിൽവച്ചു് ഒരു ദേശീയ സെമിനാർ നടത്തുകയുണ്ടായി.

B) ***സെമിനാറിന്റെ ഉദ്ദേശങ്ങൾ മൂന്നായിരുന്നു.***

1) വിശുദ്ധ കൊച്ചുത്രേസ്യായുടെ ആദ്ധ്യാത്മിക ചൈതന്യത്തെപ്പററി പഠിക്കുകയും അവയുടെ

www.malankaralibrary.com

പ്രകാശനം വിവിധ പ്രായത്തിലും ജീവിതതലത്തിലും ഉള്ള വ്യക്തികളിൽ സാധിപ്പിക്കുകയും ചെയ്യുക.

2) പൂർത്തീകരിച്ച കർമ്മപരിപാടികളിൽ സ്വീകരിച്ച കാഴ്ചപ്പാടുകൾ വിവിധ ഗ്രൂപ്പുകൾ തമ്മിൽ പകരുകയും ഇന്ത്യയിൽ അവ പ്രാവർത്തികമാക്കേണ്ട നവീന മാർഗ്ഗങ്ങളെപ്പററി ചിന്തിക്കുകയും ചെയ്യുക.

3) L. W. A ഗ്രൂപ്പുകൾക്കായി നിർദ്ദേശസംവിധാനങ്ങൾ തയ്യാർ ചെയ്തു് അവയുടെ വളർച്ചയിൽ സാമൂഹ്യശക്തികളെ സ്വാധീനിക്കേണ്ട മാർഗ്ഗരേഖകൾ തയ്യാറാക്കുക.

ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽനിന്നായി ഇരുപത്തിയഞ്ചു പ്രതിനിധികൾ L. W. A. യെ സംബന്ധിച്ചു പരിനിഷ്ഠിതമായ പൂർവ്വകാല പരിചയസമ്പന്നരായി ഈ സെമിനാറിൽ പങ്കെടുക്കുകയുണ്ടായി. മൂന്നു സലേഷ്യൻ സഭാവൈദികരും, രണ്ടു ജസ്യൂട്ടുകളും, രണ്ടു കർമ്മലീത്താക്കാരും, ഒരു ഫ്രാൻസിസ്കനും ഒരു ബനഡിക്ടൻ സന്യാസിയും സെമിനാറിൽ പങ്കെടുത്തു ലണ്ടനിലുള്ള കേന്ദ്രമേഖലയിൽ നിന്നും ആഫ്രിക്കയിലുള്ള L. W. A. യിൽനിന്നും ഓരോ പ്രതിനിധികളെയും അവർ അയച്ചിരുന്നു.

സെമിനാറിൽ പൊന്തിവന്ന മുദ്രാവാക്യം ലിസ്യുവിലെ കൊച്ചുത്രേസ്യായുടെ ഭക്തിപ്രചുരമായ ജീവിതത്തെപ്പററിയുള്ള വിശദീകരണങ്ങൾക്കു പ്രാധാന്യം നൽകയല്ല; പ്രത്യുത, സുവിശേഷപ്രധാനമായ ജീവിതരീതി എങ്ങനെ വിശുദ്ധയുടെ ജീവിതസരണിയിൽ നിന്നും നമുക്കു പ്രചോദനം നൽകുന്നുവെന്നും, അവയുടെ അദ്ധ്യയനമാർഗ്ഗങ്ങൾ എങ്ങനെ ഓരോ ഇടവകയിലും അംഗങ്ങളുടെ പ്രവർത്തനരീതികളെ പവിത്രീകരിക്കുമെന്നും പഠിപ്പിക്കുകയെന്നുള്ളതായിരുന്നു. ലിസ്യുവിലെ അഭിവന്ദ്യ മെത്രാനു് പരി

www.malankaralibrary.com

ശുദ്ധ പോറം ആറാമൻ മാർപ്പാപ്പായിൽനിന്നും 1973 ജനുവരി രണ്ടാം തീയതി ലഭിച്ച കത്തിൽ ഉൾക്കൊള്ളുന്ന സന്ദേശം സെമിനാറിൽ പങ്കെടുത്തവർക്കു് ആവേശം നൽകുന്നവയായിരുന്നു.

''ലിസ്യുവിലെ കൊച്ചുത്രേസ്യായുടെ ജീവിത സന്ദേശം നിങ്ങൾക്കു പ്രോൽസാഹനം നൽകുമാറാകട്ടെയെന്നും ആ സന്ദേശത്തിന്റെ ലളിതമായ ആവിഷ്ക്കരണം നിങ്ങൾക്കു സധ്യാനത്തിലൂടെയും സംവേദനമാർഗ്ഗങ്ങളിലൂടെയും സാഹചര്യോചിതമായി സാധിക്കട്ടെയെന്നും നാം ആശംസിക്കുന്നു. വൈദികരേയും വിദ്യാഭ്യാസ പ്രവർത്തകരെയും സുവിശേഷപ്രസംഗകരെയും ഈ വിഷയം അവരുടെ ഭക്ഷണത്തിലും ധ്യാനത്തിലും ഉപദേശത്തിലും പിന്തുടരട്ടെയെന്നും ഒരിക്കൽക്കൂടി ആശംസിക്കുന്നു.''

ഈ കൊച്ചു പുസ്തകത്തിൽ ഉൾക്കൊള്ളുന്ന കാര്യങ്ങൾ സെമിനാറിൽ അധിഷ്ഠിതമായ റിപ്പോർട്ടുകളുടെയും പഠനങ്ങളുടെയും ഒരു രൂപരേഖയാണു്. അവയുടെ ഉദ്ദേശ്യം L. W. A. ഗ്രൂപ്പുകളുടെ രൂപീകരണത്തിനും നിർവ്വഹണത്തിനും സഹായിക്കുകയെന്നുള്ളതാണു്. എന്നാൽ പ്രത്യേകിച്ചൊരു മാർഗ്ഗനിർദ്ദേശത്തിന്റെ ആവശ്യം സംഘടനയെ സംബന്ധിച്ച് മുൻവിവരിച്ച പ്രധാനമായ രണ്ടു ലക്ഷ്യങ്ങളെ മുൻനിറുത്തി പ്രവർത്തിച്ചാൽ ആവശ്യമായി വരുന്നില്ല.

സംഘടനയുടെ ദേശീയ ഡയറക്ടറും അദ്ദേഹത്തിന്റെ സഹായികളും പുരോഗതിക്കാവശ്യമായ ഏതു നിർദ്ദേശങ്ങളും നന്ദിപൂർവ്വം സ്വീകരിക്കുവാൻ എപ്പോഴും സന്നദ്ധതയുള്ളവരാണു്. ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ ഇതിനകം ലഭിക്കുകയും അവയുടെ പ്രകാശകിരണങ്ങൾ ഈ കൊച്ചു പുസ്തകം തയ്യാറാക്കാൻ ഞങ്ങളെ സഹായിക്കുകയും ചെയ്തിട്ടുണ്ടു്.

www.malankaralibrary.com

II

# ആദ്ധ്യാത്മിക ചൈതന്യവും ഉദ്ദേശ്യ ലക്ഷ്യങ്ങളും

വിശുദ്ധ കൊച്ചുത്രേസ്യായുടെ പുണ്യചൈതന്യത്തെ പ്രകീർത്തിക്കുന്ന ഒട്ടനവധിപുസ്തകങ്ങൾ ഇന്നു സുലഭമാണു്. സ്ഥിരപ്രതിഷ്ഠ നേടിയ ഒരു കൃതിയിൽ ഇങ്ങനെ പറയുന്നു.

"വിശ്വം മുഴുവൻ കാണുന്ന പിഞ്ചുശിശുക്കളുടെ നിഷ്കപടമായ പളുങ്കുപോലെയുള്ള ഹൃദയം നിങ്ങൾക്കുണ്ടാകുന്നില്ലെങ്കിൽ നിങ്ങൾക്കു സ്വർഗരാജ്യത്തിൽ പ്രവേശനമില്ല. സ്വർഗസിംഹാസനത്തിൻെറ മഹോന്നതിയിൽ എത്തുവാൻ ആഗ്രഹിക്കുന്നവൻ ആരോ അവൻ വിനയത്തിലും സൗമ്യശീലത്തിലും ഒരു പിഞ്ചുശിശുവിനെപ്പോലെ സ്വയം ആയിത്തീർന്നേ മതിയാവൂ." ഈ മാർഗ്ഗം സ്വന്തം ജീവിതത്തിൽ യേശുവിൻെറ ചൈതന്യത്തിൽ പകർത്തിയതാണു് കൊച്ചുത്രേസ്യായുടെ ചെറിയ വഴി. ഈ ചെറിയ വഴിയുടെ ലളിതമായ ആവിഷ്കരണമാണു് ആദ്ധ്യാത്മികമായ ശിശുത്വം അല്ലെങ്കിൽ നിഷ്കളങ്കമായ ശൈശവലാളിത്യം പ്രസരിക്കുന്ന കൊച്ചുത്രേസ്യായുടെ കൊച്ചു ജീവിതശൈലി,— 'സ്വയം സമർപ്പണത്തിൻെറയും വിശ്വസ്തതയുടെയും പുനർപ്രകാശനം'. അതു മറ്റൊന്നുമല്ല, ഒരുവനെ മുഴുവനായും തൻെറ പിതാവായ ദൈവത്തിനു, പിതൃനിർവ്വിശേഷമായ സ്നേഹത്തിനു കൃതജ്ഞതയായി സമർപ്പിക്കുകയെന്നുള്ളതാണു്.

www.malankaralibrary.com

നമുക്കുള്ളതെല്ലാംതന്നെ ദൈവത്തിൻെറ അമൂല്യമായ സ്നേഹനിധിയിൽനിന്നും നന്മയുടെയും സൗഹൃദയത്തിൻെറയും സംഭാവനയല്ലാതെ മറ്റൊന്നുമല്ല. ദൈവത്തിൻെറ പിതൃസ്നേഹത്തിൻെറ സീമാതീതമായ നിർവൃതി നാം നമ്മെത്തന്നെ ആ മഹത്സന്നിധിയിൽ ത്യാഗോജ്ജ്വലമായി സമർപ്പിക്കുംതോറും അനുഭവിച്ചുകൊണ്ടിരിക്കും. ഈ നിർവൃതിപ്രദമായ അനുഭവങ്ങളുടെ അനാവരണം സാധിക്കുന്നതു് സ്നേഹലാളിത്യം ആത്മവിശ്വാസം, അർപ്പണമനോഭാവം, സഹോദരസ്നേഹം എന്നിവയിലൂടെയാണു്. ഈ ആദ്ധ്യാത്മികപ്രഭാവം നമ്മുടെ ജീവിതത്തിൻെറ വഴിത്താരയിൽ വികസ്വരപുഷ്പങ്ങളായി സൗരഭ്യം പരത്തുന്നതു് പിതാവായ ദൈവത്തിൻെറ സാമ്രാജ്യം ഭൂമിയിൽ ഉറപ്പിച്ചുകൊണ്ടാണു്. ഈ ദൃഢനിശ്ചയത്തിൽനിന്നാണു് ആത്മാക്കളുടെ അനശ്വരമായ മോചനനിർവൃതിക്കുവേണ്ടി സ്വയം സമർപ്പിക്കുവാൻ നമുക്കു പ്രചോദനം ലഭിക്കുന്നതു്.

ക്രിസ്തുമത പ്രചരണത്തിലൂടെ യേശുക്രിസ്തുവിൻെറ സമാധാനത്തിൻെറ സാമ്രാജ്യം ഭൂമിയിൽ സ്ഥാപിക്കുവാൻ വൈദികർ ഏററവും അമൂല്യമായ സംഭാവനകൾ ചെയ്യുന്നതിനാൽ കൊച്ചുത്രേസ്യായുടെ ചെറിയ വഴികൾ അവരുടെ ജീവിത പ്രവർത്തനശൈലിയിലും മാർഗ്ഗരേഖയാക്കുന്നതു് എപ്പോഴും മഹത്തായ സേവനമായിരിക്കും. വിശുദ്ധ കൊച്ചുത്രേസ്യായുടെ മുഴുവൻ ജീവിതവും ദൈവത്തെ സ്നേഹിക്കുന്നതിൻെറയും സഹജീവികളെ സ്നേഹിക്കുന്നതിൻെറയും ദൈവരാജ്യം സ്ഥാപിക്കുവാൻ വൈദികരെ സഹായിക്കുന്നതിൻെറയും ലളിതമായ ആവിഷ്ക

www.malankaralibrary.com

രണമാണു്. അതുകൊണ്ടാണു് കത്തോലിക്കാസഭ ആ വിശുദ്ധയെ സേവനത്തിൻെറ മാതാവായി പ്രകീർത്തിക്കുന്നതു്.

L. W. A. സ്ഥാപിച്ചിട്ടുള്ളതു് ഈ ലളിതമായ ജീവിതശൈലി കൊച്ചുത്രേസ്യായിൽനിന്നും അനുകരിച്ചു് ദൈവത്തെ സ്നേഹിക്കുവാനും സഹജീവികളെ സ്നേഹിക്കുവാനും പഠിപ്പിക്കുവാനുമാണു്. അങ്ങനെ ആവിഷ്കരിച്ചിട്ടുള്ളതാണു് L. W. A. യുടെ പ്രധാന മാർഗ്ഗങ്ങൾ രണ്ടും.

1) വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതശൈലിയെ അനുധാവനം ചെയ്യുകയും സഹജീവികളോടുള്ള ആ മനുര സ്നേഹത്തിൻെറ നിർവൃതിയെ മാതൃകയാക്കുകയും അങ്ങനെ വൈദികജീവിതത്തെ പവിത്രീകരിച്ചു് എല്ലാ മിഷൻ പ്രവർത്തകരും പരിശുദ്ധിയുടെ പരിപാവനതയിൽ എത്തുകയും ചെയ്യുക.

2) വിദേശ മിഷനുകളെ സ്നേഹിക്കുവാനുള്ള സന്നദ്ധതയിലൂടെ എല്ലാ മാർഗ്ഗങ്ങളിലും അവരെ സഹായിക്കുവാൻ ശ്രമിക്കുക.

### a) *കൊച്ചുത്രേസ്യായുടെ ദൈവസ്നേഹം*

ദൈവമാണു് എൻെറ സ്നേഹം—ഏററവും പൂർണ്ണമായി, ഏററവും മധുരമായി ദൈവം ആദ്യമായി എന്നെ സ്നേഹിച്ചു.

ദൈവം അങ്ങനെ എന്നെ സ്നേഹത്തിൽ മുക്കി. അദ്ദേഹത്തിനായി ഞാൻ എല്ലാം സമർപ്പിക്കും; അമൂല്യമായ സ്നേഹം, മഹത്തായ സ്നേഹം, സമ്പൂർണ്ണമായ സമർപ്പണവും മഹത്തായ സേവനവും ആവശ്യപ്പെടുന്നു.

www.malankaralibrary.com

എല്ലാം ദൈവത്തിനായി ഞാൻ സ്വീകരിക്കുന്നു. ദൈവത്തിനറിയാം എന്താണെനിക്കേറെവും നന്മയായിട്ടുള്ളതെന്നു്.

എല്ലാ പ്രതീക്ഷകളും ദൈവത്തിനായി: എനിക്കായി ഒന്നുംതന്നെ ഞാൻ സ്വന്തമാക്കിയിട്ടില്ല. മെലിഞ്ഞു്, ശോഷിച്ചു് പാവപ്പെട്ടവളായ ഞാൻ ദൈവത്തിനായി ആത്മവിശ്വാസത്തോടെ എന്നെ മുഴുവനായി സമർപ്പിക്കുന്നു.

ദൈവത്തോടു് എനിക്കു കണക്കുകൾ പറയുവാനില്ല. പാപങ്ങളുടെയും പരാജയങ്ങളുടെയും ആമഗ്നമായ എണ്ണങ്ങളൊന്നും കേൾപ്പിക്കുവാനില്ല. പുണ്യപദാനങ്ങളൊന്നും പ്രകീർത്തിച്ചു കേൾപ്പിക്കുവാനില്ല.

എൻെറ നാഥൻ ഒന്നും കണക്കാക്കുന്നില്ല; എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിൻെറ അന്തർധാരയുടെ നൈസർഗ്ഗീക പ്രവാഹമാണതു്; സ്നേഹത്തിൻെറ അവാച്യമധുരമായ നിർവൃതി.

"അദ്ദേഹത്തിനറിഞ്ഞുകൂടാത്ത ഒരു ശാസ്ത്രമുണ്ടു്—കണക്കുപറയൽ." പുഷ്പദളങ്ങൾ അടർന്നു വീണു് എൻെറ നാഥനായ യേശുവിൻെറ പാദാരവിന്ദങ്ങളിൽ ധന്യമായി അർപ്പണം ചെയ്യുന്നു.

സന്തോഷത്തോടും നിർവൃതിയോടും എല്ലാ ഭാരങ്ങളും എൻെറ ചുമലുകളിൽ അദ്ദേഹം വയ്ക്കുന്നു—കനത്ത സത്വബലത്തിൻെറ ചുമടു്! എല്ലാ സുഖാനുഭൂതികളും അതേ മധുരഭാവത്തോടെ നാഥൻ എനിക്കായി നൽകുന്നു.

b) *വിശുദ്ധ കൊച്ചുത്രേസ്യയുടെ—*

*സഹജസ്നേഹം*

ഞാൻ എന്നെത്തന്നെ സ്നേഹിക്കുന്നതുപോലെ

www.malankaralibrary.com

എന്റെ സഹജീവികളെ സ്നേഹിച്ചാൽ പോരാ. പിന്നെയോ, ദൈവം സ്നേഹിക്കുന്നതുപോലെ സ്നേഹിക്കണം.

എല്ലായ്പ്പോഴും എന്റെ ഹൃദയത്തിൽ ഒരു നാദം മുഴങ്ങുന്നു:

"എനിക്കു ദാഹിക്കുന്നു;
എനിക്കു കുടിക്കുവാൻ തരിക."

ആത്മാക്കൾക്കായുള്ള അദ്ദേഹത്തിന്റെ ദാഹം: എല്ലാ ആത്മാക്കൾക്കായുമുള്ള സ്നേഹത്തിന്റെ മധുരനിർഝരി. ഈ വാക്യങ്ങൾ അവളെ ആത്മാക്കൾക്കായി കൂടുതൽ സ്വയം സമർപ്പിക്കുന്നവളാക്കി; ആത്മാക്കളെ രക്ഷിക്കുവാൻ "ഞാൻ നിങ്ങളെ സ്നേഹിക്കുവാനും, സ്നേഹിപ്പിക്കുവാനും സഭയുടെ മഹത്വപൂർണ്ണതയിലൂടെ ഭൂമിയിലെ ആത്മാക്കളെ രക്ഷിക്കുവാനും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളെ മോചിപ്പിക്കുവാനും ആഗ്രഹിക്കുന്നു."

Auto P. 227—319

"അദ്ദേഹത്തിനായി ആത്മാക്കളെ സമ്പാദിക്കുവാൻ എനിക്കാവുന്നതെല്ലാം ഞാൻ ചെയ്യും."

അദ്ദേഹം അവരെ സ്നേഹിച്ചതുപോലെ ഞാൻ അവരെ സ്നേഹിച്ചു.

എന്റെ പ്രവൃത്തികളിൽ എന്റെ നാഥന്റെ ഹൃദയം തുടിക്കുന്നതായി എന്റെ ജീവിതത്തിലൂടെ കാണിച്ച് സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും ആ മഹത്സന്നിധിയിലേക്കു അവരെ ആനയിക്കും.

ദൈവത്തിന്റെ കാരുണ്യമസൃണമായ സ്നേഹത്തിന്റെ ശീതളിമ അവർ അനുഭവിക്കും.

www.malankaralibrary.com

നാം നമ്മുടെ സഹജീവികളെ സ്നേഹിക്കുവാൻ ബാദ്ധ്യസ്ഥരാണ്. നാം നമ്മെത്തന്നെ സ്നേഹിക്കുന്നതുപോലെയല്ല പിന്നെയോ, ദൈവം അവരെ സ്നേഹിക്കുന്നതുപോലെയും നാം അവരെ സ്നേഹിക്കുവാൻ അദ്ദേഹം ആവശ്യപ്പെടുന്നതുപോലെയും.

C) *വൈദികരോടുള്ള*

*വി. കൊച്ചുത്രേസ്യായുടെ സ്നേഹം*

ഞാനൊരു വൈദികനാകാൻ ആഗ്രഹിക്കുന്നു. എത്ര സ്നേഹപൂർവ്വം ഞാനങ്ങയെ എന്നിൽ സ്വീകരിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നു. Auto 233.

എന്നാൽ അവൾക്കൊരു വൈദികനാകാൻ സാദ്ധ്യമല്ലാത്തതിനാൽപ്പോലും വൈദികരുടെ ആത്മീയ പൈതൃകത്തിലേക്കും പ്രേഷിതൻമാരുടെ പ്രേഷിതപദവിയിലേക്കും ഉയർന്നു.

ദത്തായി രണ്ടു വൈദികരെ നൽകുവാൻ ആ ധന്യയ്ക്കു സാധിച്ചു; ഫാദർ അഡോൾഫ് റൂവ്ലാൻഡിനെയും, ബ്രദർ ബല്ലിയറിനെയും [ആഫ്രിക്കയിലെ ഭാവി പുരോഹിതൻ].

നമ്മുടെ കർത്താവായ ദൈവം മനുഷ്യരാശിയിൽ അദ്ദേഹത്തിൻെറ മഹത്പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ അതിപ്രഭാവരായ ധന്യവ്യക്തികളെ തിരഞ്ഞുകൊണ്ടിരിക്കുന്നു. വി. കൊച്ചുത്രേസ്യാ സ്വയം ഈ സ്നേഹരംഗത്തേക്കു കടന്നുചെന്നു.

ക്രിസ്തുവിൻെറ സ്നേഹത്തിൻെറ മഹോന്നത മാർഗ്ഗങ്ങളിൽ സഹകാരിയായിത്തീരാൻ അവൾ ആഗ്രഹിച്ചു.

"ക്രിസ്തുവിൻെറ ആത്മീയവികാരത്തിൻെറ മധുരാനുഭൂതികൾ പരിപൂർണ്ണമാവാൻ ഞാനെന്നെ സമർപ്പിക്കുന്നു."

www.malankaralibrary.com

വൈദികർക്കായി അവർ മാർഗ്ഗനിർദ്ദേശം നല്കുന്നു:–നമ്മുടെ അപ്പസ്തോലവൈദികർ ആത്മപരിത്യാഗം ശീലമാക്കുകയും പരിശുദ്ധ സ്നേഹത്തിന്റെ നിർത്ധരിയിൽ മനുഷ്യരെയും ദൈവത്തെയും മുക്കുകയും ചെയ്യുക.

***മരണമടുത്ത വൈദികരോടു്:–***

‘‘ഞാൻ നിങ്ങളോടൊപ്പം സ്നേഹത്തിലും ശിക്ഷയിലും ഒന്നിച്ചുണ്ടാകും.’’

‘‘ഞാൻ നിങ്ങളെ സ്വർഗ്ഗസന്നിധിയിൽനിന്നും സഹായിക്കും.’’ എന്റെ ആത്മാവു് നിങ്ങളുടെ വിദൂരമിഷൻ സങ്കേതങ്ങളിൽ വർണ്ണച്ചിറകുകളിൽ ഒരു ചിത്രശലഭത്തെപ്പോലെ പറന്നെത്തി പാറിക്കളിച്ചു് ആ പൂഞ്ചിറകുകളിൽ വെമ്പിത്തുടിച്ചു് നിർവൃതിയുടെ മധുരാനുഭൂതികൾ പ്രസരിപ്പിക്കും.

www.malankaralibrary.com

## III

# L. W. A. ഗ്രൂപ്പുകൾക്കുള്ള താല്ക്കാലിക നിർദ്ദേശങ്ങൾ

(രൂപീകരണം, വലിപ്പം, ഭരണരീതി, യോഗങ്ങൾ പ്രേഷിതപ്രവർത്തനസമിതികൾ)

*a) കുട്ടികളുടെ ഗ്രൂപ്പ്*

*b) ഗ്രൂപ്പുകളുടെ രൂപവും വലിപ്പവും*

കുട്ടികളുടെ എണ്ണവും അവർക്കു പ്രചോദനം നല്കാൻ കഴിയുന്നവരുടെ സാദ്ധ്യതയും കണക്കിലെടുക്കുക. കുട്ടികളെ (പന്ത്രണ്ടു വയസ്സിൽ താഴെയുള്ളവരെ) ഗ്രൂപ്പുകളായി തിരിക്കുക, അവർ പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിലോ വയസിന്റെ അനുപാതത്തിലോ.

ഓരോ ഗ്രൂപ്പിലും അംഗങ്ങൾ മുപ്പതിൽ കവിയരുത്. മുപ്പതിൽ കൂടുന്ന പക്ഷം അടുത്ത ഗ്രൂപ്പിനു രൂപം നൽകുക.

*c) ഭരണക്രമം*

ഭരണനിയന്ത്രണത്തിനു സംഘത്തിൽ അല്ലെങ്കിൽ ഡയറക്ടർ ബോർഡിൽ പ്രചാരകൻ (animator), പ്രസിഡന്റ്, സെക്രട്ടറി, ആദ്ധ്യാത്മികഡയറക്ടർ എന്നിവർ ഉണ്ടായിരിക്കണം.

പ്രചാരകൻ:— ക്ലാസ്ടീച്ചറോ, കന്യാസ്ത്രീയോ, വേദോപദേശാധ്യാപകനോ, നേതൃവാസനയുള്ള മററാരെങ്കിലുമോ ആയിരുന്നാലും മതിയാവും. പ്രസി

www.malankaralibrary.com

ഡൻറിനെയും സെക്രട്ടറിയെയും അംഗങ്ങൾ തെരഞ്ഞെടുക്കുന്നവരോ ആധ്യാത്മികഡയറക്ടർ നിയമിക്കുന്നവരോ ആയിരിക്കണം. ആദ്ധ്യാത്മികഡയറക്ടറായി ഇടവകവികാരിയോ ചാപ്ലെയിനോ ആയിരിക്കണം.

### d) മീററിംഗുകൾ

മീററിംഗിൻെറ പ്രധാന ഉദ്ദേശ്യം കുട്ടികളിൽ ശിശുത്വം കലർന്ന മനോഭാവം ദൈവത്തോടു് പ്രകടിപ്പിച്ചു് അവരുടെ പിതാവായി ദൈവത്തെ കാണുവാൻ കൊച്ചുത്രേസ്യായേപ്പോലെ സാധിക്കുക എന്നുള്ളതാണു്. എല്ലാ യോഗങ്ങളിലും കുട്ടികൾക്കു ദൈവത്തിൻെറ സാന്നിദ്ധ്യവും ദൈവികമായ പരിവേഷവും ആ അനുഗൃഹീതാനുഭവത്തിൻെറ ആത്മീയ സാക്ഷാത്ക്കാരവും ലക്ഷ്യമാക്കണം.

ആഴ്ചയിൽ ഒന്നെങ്കിലും മീററിംഗു് കൂടുക എന്നുള്ളതു് ഏററവും ഉചിതമായിരിക്കും. തീരെ മുഷിപ്പനായും വെറും ആവർത്തനച്ചടങ്ങായും യോഗങ്ങൾ സംഘടിപ്പിക്കാതിരിക്കുവാൻ ശ്രദ്ധിക്കുകയും അങ്ങനെ ബുദ്ധിപൂർവ്വം സമയപരിപാടികളിൽ മാററം വരുത്തുകയും ചെയ്യാൻ ശ്രദ്ധിക്കുകയും ചെയ്യുക. കുട്ടികൾ സ്വയം യോഗങ്ങൾ ചേരാൻ അപ്രാപ്തരാണെന്നു മനസ്സിലാക്കിയാൽ ആദ്ധ്യാത്മിക ഡയറക്ടറൻമാർ സ്വയം അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക.

യോഗാരംഭത്തിൽ പ്രാർത്ഥനയോ ഗാനാലപമോ പ്രാരംഭചടങ്ങായി സ്വീകരിക്കുക. എന്തുതന്നെയായാലും അവ വളരെ ചുരുക്കത്തിലും അനർഗളമായ വാക്മാധുരിമയോടും നവീനരീതിയിൽ അവതരിപ്പിക്കുക. കുട്ടികൾ ഇഷ്ടപ്പെടുന്ന സുവിശേഷഭാഗങ്ങൾ വായി

www.malankaralibrary.com

ക്കുകയും വിശദീകരിക്കുകയും ചിലപ്പോൾ അഭിനയിച്ചു് അവതരിപ്പിക്കുകയും ചെയ്യാൻ സാധിക്കണം. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതത്തിൽ നിന്നും സുവിശേഷത്തോടു ബന്ധപ്പെട്ട ഒരു ഭാഗം അടർത്തിയെടുത്തു കുട്ടികൾക്കു വിശദീകരിച്ചുകൊടുക്കുക. അതിനുശേഷം കഴിഞ്ഞ ആഴ്ചകളിൽ പൂർത്തീകരിച്ച പ്രവൃത്തികളെ വിലയിരുത്തുകയും വരാൻപോകുന്ന ആഴ്ചകളിലെ കർമ്മപരിപാടികൾ ഗ്രൂപ്പു മൊത്തമായോ അംഗങ്ങൾ പ്രത്യേകമായോ ചർച്ച ചെയ്തു് അവതരിപ്പിക്കുകയോ ചെയ്യുക. കൊച്ചുകുട്ടികളുടെ നല്ല നിർദ്ദേശങ്ങൾക്കു പ്രാധാന്യം നല്കി ഗ്രൂപ്പുപ്രവർത്തനങ്ങൾക്കു രൂപം കൊടുക്കുക.

പ്രാർത്ഥനയിൽ കുട്ടികൾക്കു് ഒരാന്തരികചായ്വുണ്ടാകാൻ ഓരോമീററിംഗും അവസാനിപ്പിക്കുന്നതു് ജപമാലയോടൊ മററെന്തെങ്കിലും പ്രാർത്ഥനയോടു കൂടിയോ ആയിരിക്കുക. ആ പ്രാർത്ഥനകൾ ഒന്നുകിൽ വൃദ്ധൻമാർക്കോ, അഗതികൾക്കോ, നിരാലംബർക്കോ, രോഗികൾക്കോ ആശ്വാസം പകരാൻ ഉപകരിക്കുന്ന തരത്തിൽ പ്രത്യേക ഉദ്ദേശത്തോടുകൂടിയായിരിക്കുന്നതു് ഉചിതമായിരിക്കും. മൗനപ്രാർത്ഥനകൾക്കും, വ്യക്തിപരമായ ധ്യാനപ്രാർത്ഥനയ്ക്കും പ്രത്യേക സമയംഅനുവദിക്കേണ്ടതും പരിഗണിക്കേണ്ടതാണു്.

കുട്ടികൾക്കു് ഏററവും സുപരിചിതമായി ഹൃദയോല്ലാസം നല്കുന്ന ഒരു ഗാനാലാപത്തോടെ യോഗം അവസാനിപ്പിക്കുന്നതു നന്നായിക്കും.

### e) പ്രേഷിതപ്രവർത്തനം

കുട്ടികളുടെ ഹൃദയത്തിൽ ആഴത്തിൽപതിയുവാൻ വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതം പ്രതിഫലി

www.malankaralibrary.com

പ്പിക്കുന്ന ചിത്രങ്ങളും, ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലുള്ള പള്ളികളും മററും ചിത്രീകരിക്കുന്ന ഫോട്ടോകളും ഫിലിമുകളും, ചാർട്ടുകളും, ആനുകാലികവാർത്താമാദ്ധ്യമങ്ങളും ഉപയോഗപ്പെടുത്തുക. ആതുരാലയങ്ങളും മിഷൻസങ്കേതങ്ങളും സന്ദർശിക്കുവാൻ കുട്ടികളെ കൊണ്ടുപോവുകയും ദേവാലയത്തിലെ മിക്കവാറും എല്ലാ പ്രവർത്തനങ്ങളിലും അവർക്കു പങ്കാളിത്തം നൽകുവാൻ ഉൽസാഹിക്കുകയും ചെയ്യുക. പള്ളിയലങ്കാരം, ദിവ്യബലിയിൽ ശുശ്രൂഷ, പള്ളിയിൽ മററുള്ളവരെ കൊണ്ടെത്തിക്കുക, ബാഡ്ജുകൾ വില്ക്കുക, ചിത്രങ്ങളും ക്രിസ്തീയസാഹിത്യകൃതികളും പ്രചരിപ്പിക്കുക മുതലായ ലളിതപരിപാടികളിൽ കുട്ടികളെ കർമ്മോൽസുകരാക്കണം.

കഠിനാധ്വാനം ചെയ്യുവാനും പരസ്പരസഹകരണത്തിലൂടെ വിശ്വസ്തതയോടെ പ്രവർത്തിച്ചു് മുന്നേറുവാനും കുട്ടികളെ പ്രേരിപ്പിക്കുക, ഭൗതികവും ആദ്ധ്യാത്മികവുമായി ഇടവകയുടെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുവാൻ കുട്ടികളെ ആഹ്വാനം ചെയ്യുന്നതിലൂടെ അവർക്കു പ്രാർത്ഥനയും പ്രവൃത്തിയും ആയുള്ള ഏകാഗ്രബന്ധത്തിനു് മാർഗ്ഗനിർദ്ദേശം നൽകുക. കുട്ടികൾക്കു് അവരുടെ അനുദിന ഭക്ഷണത്തിൽ നിന്നോ, ആഴ്ചയിൽ ഏതാനും പൈസയോ, പുണ്യപ്രവർത്തനങ്ങൾക്കായി സഹായം എത്തിക്കുവാൻ നീക്കിവയ്ക്കാനുമുള്ള ഒരു താത്പര്യം കരുപ്പിടിപ്പിക്കുക. അങ്ങനെ അവർ സ്വരുമിച്ചു് എടുക്കുന്ന തുക അവർതന്നെ ഇഷ്ടാനുസരണം മാതൃകാപരമായി സേവനരംഗങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിൽ അവർക്കു സ്വാതന്ത്ര്യം നൽകുക.

www.malankaralibrary.com

കുട്ടികളെ അവരുടെ സാധാരണ പ്രവർത്തനങ്ങളിലും ദൈവീകമായ സാന്നിദ്ധ്യത്തിന്റെ സന്തോഷപ്രചുരിമ ആസ്വദിപ്പിക്കുക. വിശുദ്ധ കുർബാനയിൽ അവർക്കു പങ്കെടുക്കുവാൻ കഴിയുമ്പോൾ ക്രിസ്തുവിന്റെ സന്നിധിയിൽ പ്രവേശിക്കുന്ന ദിവ്യാനുഭൂതിയുടെ പശ്ചാത്തലം അവർക്കു ഒരുക്കിക്കൊടുക്കുക. മിഷൻ, ക്രൂശിത കാർഡുകൾ അംത്താരയിൽ അപ്പവും വീഞ്ഞും വയ്ക്കുന്നതോടൊപ്പം പ്രതിഷ്ഠിക്കുമ്പോൾ കുട്ടികൾക്കു് അവരുടെ സേവനത്തിന്റെ മഹത്വം മനസ്സിലാകുകയും ക്രിസ്തുവിന്റെ പരിശുദ്ധ ഹൃദയത്തിന്റെ മഹത്സാന്നിദ്ധ്യംകൊണ്ടു് അവർ വികാരതരളിതരാവുകയും ചെയ്യും.

## യുവജനങ്ങളുടെ ഗ്രൂപ്പു്

രൂപവും വലിപ്പവും:—

യുവജനവിഭാഗത്തിൽ മുഴുവനായും ക്രിസ്ത്യൻ യുവതീയുവാക്കൾതന്നെയായിരിക്കണം. അക്രൈസ്തവാംഗങ്ങളെ സാമൂഹികപ്രവർത്തനങ്ങൾക്കായിട്ടും പ്രത്യേകിച്ചു് ചികിത്സാപ്രവർത്തനങ്ങൾ, സാഹിത്യപ്രവർത്തനങ്ങൾ, മററു മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ എന്നിവയ്ക്കായെല്ലാം സഹകരിപ്പിക്കുന്നതു കൊള്ളാം. ഒരു ഗ്രൂപ്പിൽ പരമാവധി ഇരുപത്തിയഞ്ചു അംഗങ്ങളിൽ കവിയാൻ പാടില്ല. കൂടുതൽ അംഗങ്ങൾ ചേരാൻ ആഗ്രഹിക്കുമ്പോൾ മറെറാരു ഗ്രൂപ്പിനുംകൂടി രൂപംകൊടുക്കുക.

പ്രചാരകൻ:— അദ്ധ്യാപകൻമാർ, വേദോപദേശാദ്ധ്യാപകർ, കന്യാസ്ത്രീകൾ അല്ലെങ്കിൽ ഏതെങ്കിലും ഇടവക നേതാവു്.

www.malankaralibrary.com

പ്രസിഡൻറു്, സെക്രട്ടറി എന്നിവർ അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവർ ആയിരിക്കണം. ആവശ്യമുണ്ടെങ്കിൽ ഒരു കമ്മററിയേയും തിരഞ്ഞെടുക്കുക.

ആദ്ധ്യാത്മികോപദേഷ്ടാക്കൾ:—

ഇടവകവൈദികർ അല്ലെങ്കിൽ ചാപ്പെയിൻ മീററിംഗുകൾ:—

യുവജനങ്ങളുടെ സ്വഭാവസവിശേഷതകളിൽ പ്രധാനമായുള്ളതു് ഹൃദയം തുറന്നുള്ള പെരുമാററവും സത്യത്തെയും അധികാരത്തെയും അനാവരണം ചെയ്തുകിട്ടുവാനുള്ള ചോദ്യമനോഭാവവുമാണു്. പൊതുവെ ആദർശശാലികളായ അവരെ സംബന്ധിച്ചിടത്തോളം ചുററുപാടുകളെ വിലയിരുത്തുവാൻ തക്ക വളർച്ചയോ, സംഭവങ്ങളെ യാഥാർത്ഥ്യബോധത്തോടെ സമീപിക്കുവാനുള്ള അനുഭവജ്ഞാനമോ, വ്യക്തികളെ വിലയിരുത്തുവാനുള്ള മൂല്യസംസ്കരണമോ ഉണ്ടായെന്നുവരില്ല. അതുകൊണ്ടു് അവരോടുള്ള സമീപനത്തിൽ നാം സ്വീകരിക്കേണ്ട എളുപ്പമാർഗ്ഗം അവരെ അവരുടെ വാതിലുകളിൽകൂടി യഥേഷ്ടം പ്രവേശിപ്പിച്ചു് നമ്മുടെ വാതിലുകളിൽകൂടി കടത്തിവിടുക എന്നുള്ളതായിരിക്കണം. യുവാക്കളുടെ ആദർശപ്രേരിതമായ പ്രവർത്തനപഥത്തിൽ നിന്നാണു് ചരിത്രം അവയുടെ പുതിയ സംഭാവനകൾ ഉരുത്തിരിഞ്ഞിട്ടുള്ളതും മഹാൻമാരായ നേതാക്കൻമാർക്കു് ചരിത്രത്തിലെ നവീനതകൾക്കു് അവരുടെ നിരന്തര പ്രവർത്തനങ്ങളെ സാക്ഷാത്ക്കരിക്കാൻ സാധിച്ചിട്ടുള്ളതും. വീരാരാധനയുടെയും ഫാഷൻ കമ്പങ്ങളുടെയും മാസ്മരവലയത്തിൽ പ്രകമ്പനംകൊള്ളുന്ന യുവത്വത്തെ ക്രിസ്തുവിൻെറ അഹിംസാത്മകമായ വിപ്ലവമാർഗ്ഗത്തിലേ

www.malankaralibrary.com

ക്കു തിരിക്കുവാൻ, ലോകം കണ്ടിട്ടുള്ളതിലേക്കും മഹാനായ ആ നേതാവിൻെറ മാർഗ്ഗനിർദ്ദേശകതത്വങ്ങളെ സമ്യക്കായി അവതരിപ്പിച്ചു് ബോധവാൻമാരാക്കണം. എല്ലാ യോഗങ്ങളിലും യുവജനങ്ങൾക്കു് ആവേശവും പ്രചോദനവും നൽകുന്ന രീതിയിൽ ചരിത്രത്തിൽ യേശുക്രിസ്തു വഹിച്ചിട്ടുള്ള അമാനുഷികപ്രഭാവത്തിൻെറ വിസ്തൃതിയും അതുല്യമായ അവയുടെ അനശ്വരമൂല്യവും വിവരിച്ചുകൊടുക്കണം. സുവിശേഷഭാഗങ്ങളിൽ നിന്നും അനുചിതമായ ഉദ്ധരണികൾ തിരഞ്ഞെടുക്കുന്നതു നന്നായിരിക്കും. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതത്തിലെ നിർണ്ണായകഘട്ടങ്ങളുമായി അവയെ വ്യാഖ്യാനിച്ചു വിശദീകരിക്കുന്നതു് ഏററവും സമുചിതമായിരിക്കും. പ്രാർത്ഥന ഒരു നിർവാര്യഘടകമായി യോഗത്തിൽ ഉണ്ടായിരിക്കണം.

പ്രായംകൂടിയ ഗ്രൂപ്പുകൾക്കു് ചുരുങ്ങിയതും നൈസർഗ്ഗികമായ പദവ്യത്യാസത്തോടുകൂടിയതും വിഭിന്നങ്ങളായതുമായ പ്രാർത്ഥനാരീതി തിരഞ്ഞെടുക്കണം. പ്രാർത്ഥനയിൽ ഏതൊരു രീതി തെരഞ്ഞെടുത്താലും അവയ്ക്കു് അകൃത്രിമമായ പശ്ചാത്തലവും യുവാക്കൾ അവർ ശ്വസിക്കുന്ന വായുവിൻെറ ഊഷ്മളതയും അവരുടെ ജീവിതത്തിൻെറ തുടിപ്പുകളും മടിപ്പുകളും ആദർശപ്രവണതകളും വികാരസ്തോഭങ്ങളും ഉത്തേജിതാഗ്രഹങ്ങളും ഉൾക്കൊള്ളുന്നവയായിരിക്കണം. ഓർമ്മയുടെ ഓളങ്ങളിൽ മായാത്ത മുദ്ര പതിപ്പിക്കുന്ന നാദത്തിൻെറയും താളത്തിൻെറയും ഓളക്കൂത്തുകളിൽ തന്ത്രികൾ മീട്ടുന്ന ഗാനങ്ങൾ കൊണ്ടു കൊരുത്തെടുത്ത പ്രാർത്ഥനകൾ തിരഞ്ഞെടുക്കണം. പരിചിതമായ നീണ്ട പ്രാർത്ഥനകൾ യുവചൈതന്യ

www.malankaralibrary.com

ത്തെ കെടുത്തുകയും ആവേശത്തെ സൃഷ്ടിപ്പിക്കുകയും ചെയ്യുന്നവ ആകയാൽ അവയെ ആവുന്നത്ര ഉപേക്ഷിക്കുകതന്നെ ചെയ്യുക.

യോഗത്തിൽ യുവാക്കൾ അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ജയാപജയങ്ങളുടെ മൂല്യനിർണ്ണയത്തിനു പ്രേരിപ്പിക്കുന്ന വസ്തുതകളെ തിരഞ്ഞെടുത്തു ഭാവിപരിപാടികൾ കരുപ്പിടിപ്പിക്കുവാൻ ദത്തശ്രദ്ധരായിരിക്കുകയും ചെയ്യുക. പുതിയ പ്രവർത്തനപദ്ധതികൾക്കാവശ്യമായ പ്ലാനുകൾ ആവിഷ്കരിക്കുവാൻ ഒരു പുനപരിശോധനായംതന്നെ യോഗങ്ങളിൽ സ്വീകരിക്കേണ്ടതാവശ്യമാണു്. രണ്ടാഴ്ചകൾ കൂടുമ്പോൾ യോഗങ്ങൾ കൂടുന്നതായിരിക്കും ഏററവും സ്വീകാര്യം.

***പ്രേഷിതപ്രവർത്തനങ്ങൾ***

L. W. A. ഗ്രൂപ്പിലെ അംഗങ്ങൾ ഏതവസരത്തിലും ക്രിസ്തുവിൻെറ സ്നേഹചൈതന്യം പ്രസരിപ്പിക്കുന്ന ജീവിതസമ്പ്രദായം സഹജീവികളോടു് പ്രകടിപ്പിക്കേണ്ടതാവശ്യമാണു്. ഇതായിരിക്കും അവരുടെ ഏററവും മഹത്തായ സംഭാവന. കൊച്ചുത്രേസ്യായെപ്പോലെ എപ്പോഴും പ്രോജ്ജ്വലമായി ശോഭിക്കുന്ന സ്നേഹാഗ്നിയുടെ മാസ്മരപ്രഭാവം സേവനത്തിൻെറ പൊൻകിരീടമായി ചാർത്തണം.

അക്രൈസ്തവരായ യുവജനവിഭാഗങ്ങളിൽ സേവനത്തിൻെറ മഹത്തായ രംഗങ്ങളുടെ നിറപ്പകിട്ടാർന്ന പ്രവർത്തനങ്ങൾകൊണ്ടു് ചലനം സൃഷ്ടിക്കുവാൻ L. W. A. പ്രവർത്തകർക്കു കഴിയണം. പരിശുദ്ധാരൂപിയുടെ അത്ഭുതാവഹമായ സാന്നിദ്ധ്യത്തിൽ ജീവിതക്ലേശങ്ങളെ ദൂരീകരിക്കാൻ സാധിക്കുന്ന സേവ

www.malankaralibrary.com

നത്തിൻെറ മുഖമുദ്ര ഗ്രാമരംഗങ്ങളിൽ കാണിച്ചുകൊടുത്തു് ക്രൈസ്തവവിശ്വാസത്തിലേക്കു ജ്ഞാനസ്നാനം ചെയ്തു് പുതിയ തലമുറയെ സ്വീകരിക്കുവാൻ അംഗങ്ങൾ മുന്നോട്ടിറങ്ങണം. ക്രൈസ്തവരിൽ തന്നെ ദുർന്നടപടികളിൽ മുഴുകിയ ജനവിഭാഗങ്ങളെ മാനസാന്തരപ്പെടുത്തി ജീവിതത്തിൻെറ ശുഭ്രവും സുവർണ്ണവുമായ പരിശുദ്ധ മേഖലകളിലേക്കു തിരിച്ചുവിടാൻ സാധിക്കേണ്ടതും ആവശ്യമാണു്.

വിശ്രമാവസരങ്ങളെ ആവുന്നത്ര ആരോഗ്യപരമായ ജീവിത മേഖലകളിൽ കർമ്മപരിപാടികൾക്കായി തിരിച്ചുവിടണം. വിനോദങ്ങളിലും കായികമത്സരങ്ങളിലും ആകർഷകമായ പങ്കു വഹിക്കുന്നതും അലസതയിൽനിന്നുള്ള മോചനത്തിനു സഹായിക്കും.

നഗരസംവിധാനത്തിലും സാമൂഹ്യസേവന രംഗങ്ങളായ ശുചീകരണപ്രവർത്തനം തൊട്ടങ്ങോട്ടുള്ള പരിപാടികളിലും യുവാക്കളുടെ ശ്രദ്ധയെ തിരിച്ചുവിടണം.

സ്വന്തം ഭാവിയെ സംബന്ധിക്കുന്ന മുൻകൂർ തീരുമാനം എടുക്കുന്ന ജീവിതഘട്ടത്തിൽ താൻ എത്തിനിൽക്കുന്നു എന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാടു് നഷ്ടപ്പെടുവാൻ ആരെയും അനുവദിച്ചുകൂടാ. ജീവിതത്തിൻെറ വിവിധതുറകളിലും മണ്ഡലങ്ങളിലും പ്രവർത്തിക്കുന്ന വ്യക്തികളുമായി സമ്പർക്കം പുലർത്തുവാൻ ചെറുപ്പക്കാർക്കു് അവസരം നല്കേണ്ടതാണു്. ആരെങ്കിലും ഈ ഗ്രൂപ്പിൽപ്പെടുന്നവർ ഒരു വൈദികനോ മതബോധകനോ ആയിത്തീരാൻ ആഗ്രഹിക്കുന്നെങ്കിൽ ആ വ്യക്തിയെ പ്രത്യേകമായി സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട

www.malankaralibrary.com

താണു്. യുവതീയുവാക്കൾ തമ്മിൽ ആരോഗ്യകരമായ സാമൂഹ്യസമ്പർക്കപരിപാടികളിൽ ഏർപ്പെടുവാൻ തക്ക പ്രോൽസാഹനവും കൂടിയേതീരൂ. ധ്യാനങ്ങൾ, സെമിനാറുകൾ, തീർത്ഥാടനങ്ങൾ, സാമൂഹ്യസമ്പർക്കങ്ങൾ എല്ലാം അനിർവാര്യമായ ഘടകങ്ങളായി സ്വീകരിക്കണം. എല്ലാററിനും ഉപരിയായി കൂട്ടുത്തരവാദിത്വത്തോടെയുള്ള സാമീപനത്തിലൂടെ സ്നേഹപൂർണ്ണമായി പ്രവൃത്തികൾ പങ്കുവയ്ക്കാൻ എല്ലാ രംഗങ്ങളിലും യുവജനങ്ങൾക്കു സാധിക്കുവാൻ പുതിയ മാനങ്ങൾ അവർക്കു നൽകി പ്രചോദനം നൽകണം.

## മുതിർന്നവരുടെ ഗ്രൂപ്പു്

ഒരു വ്യക്തിയുടെ ജീവിതത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ സുവിശേഷപ്രധാനമായ ജീവിതം എങ്ങനെ സ്വാധീനിക്കുന്നുവെന്നു് മനസ്സിലാക്കുവാൻ മുതിർന്ന തലമുറക്കു മാത്രമേ സാധിക്കൂ. വെറും പ്രകടനങ്ങളുടെയും ആർഭാടങ്ങളുടെയും പുറംചട്ടകൾ അവരെ ആകർഷിക്കുന്നില്ല പ്രായോഗികവിജ്ഞാനവും അനുഭവപരിചയവും അവരെ ദൃഢനിശ്ചയത്തോടുള്ള പ്രവൃത്തികളിലൂടെ അവരവർക്കുള്ളസ്ഥാനത്തെപ്പററി ബോധപൂർവ്വം കണക്കുകൂട്ടി ചുവടുവയ്ക്കുവാൻ പ്രേരിപ്പിക്കുന്നു.

### *ഗ്രൂപ്പുകളുടെ രൂപീകരണം*

മുഴുവൻ സമയം പ്രവർത്തകരായി ക്രിസ്ത്യൻ വിഭാഗങ്ങളിൽ നിന്നുതന്നെ സ്ത്രീപുരുഷൻമാരെ മുതിർന്ന ഗ്രൂപ്പുകൾക്കു നിയോഗിക്കുകയാണു് ഉത്തമം. അക്രൈസ്തവവിഭാഗങ്ങളിൽ നിന്നും സാമൂഹ്യവും മനുഷ്യസ്നേഹപരവുമായ പ്രവർത്തനങ്ങൾക്കായി

www.malankaralibrary.com

ഏതാനും ചിലരെയെങ്കിലും സഹകരിപ്പിക്കുന്നതു നന്നായിരിക്കും. തൊഴിൽപരമായ രംഗങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിലായിരിക്കും ഏററവും ഉചിതമായിരിക്കുന്നതു്. മതാദ്ധ്യയനഗ്രൂപ്പുകൾ, ഇടവക പ്രവർത്തകനേതാക്കൾ, അദ്ധ്യാപകർ, മദ്ധ്യവയസ്കകളായ വീട്ടമ്മമാർ, സംഘടനാനേതാക്കൾ മുതലായവരിൽ നിന്നും മുതിർന്നവരുടെ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതു് ഏററവും പ്രയോജനപ്രദമായിരിക്കും. ഈ ഗ്രൂപ്പുകളിൽ അവയുടെപോഷകപ്രധാനങ്ങളായ ആത്മീയമൂല്യത്തിൻെറ ആവശ്യം ക്രിസ്തുവിൻെറ യഥാർത്ഥ സാന്നിദ്ധ്യത്തിലൂടെ സാധാരണജീവിതത്തിലേക്കു് പകർത്തുവാൻ സാധിക്കണം. ഏതൊരു ഗ്രൂപ്പിലും അംഗസംഖ്യ പതിനഞ്ചിൽ കവിയാൻ പാടില്ല.

### *ഗ്രൂപ്പുകളുടെ മാനേജ്മെൻറ്*

തിരഞ്ഞെടുക്കപ്പെടുന്ന ഓഫീസറൻമാരിൽ ഗ്രൂപ്പുകളുടെ ഭരണാധികാരം സ്ഥാപിതമായിരിക്കണം. ഒരു് പ്രസിഡൻറു്, ഒരു സെക്രട്ടറി, ഒരു ഖജാൻജി എന്നിവരുൾക്കൊള്ളുന്ന കമ്മററിതന്നെയാണു് ഭരണനിർവ്വഹണസമിതി. ഗ്രൂപ്പുകളുടെ ശരിയായ പ്രവർത്തനത്തിനു് ഇതുമാത്രം പോരാ, എന്നിരുന്നാലും യുവജനവിഭാഗങ്ങളെ ഭരണകൂടത്തിൻെറ യന്ത്രവൽകൃതസംഘടനയിലും, വ്യാപാരവ്യാവസായികസംഘടനാപ്രവർത്തനങ്ങളിലും പരിശീലിപ്പിക്കുവാനും അപകർഷബോധമില്ലാതെ എല്ലാരംഗങ്ങളിലും പ്രവർത്തിപ്പിക്കുവാനും ഇവ കൂടിയേ മതിയാവൂ.

ഇടവകവികാരിയോ അദ്ദേഹം നിയോഗിക്കുന്ന വൈദികനോ സ്വാഭാവികമായും ഗ്രൂപ്പിൻെറ ആദ്ധ്യാത്മികോപദേഷ്ടാവായിരിക്കും. ഒരു സ്നേഹിതൻെറ

www.malankaralibrary.com

സരളമായസമീപനലാഘവത്തോടെ ഗ്രൂപ്പിൽ പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിയണം. അധികാരത്തിന്റേയും അടിച്ചേല്പിക്കലുകളുടേയും ആധിപത്യ സമ്പ്രദായം പാടില്ല.

*മീററിംഗുകൾ*

മാസംതോറുമോ, ഉചിതമായി പററുന്ന മററതെങ്കിലും ഘട്ടങ്ങളിലോ ഒരു ബുദ്ധിമുട്ടായി തോന്നാത്ത വിധം മാത്രം യോഗങ്ങൾ സംഘടിപ്പിക്കണം. അംഗങ്ങളുടെ ഓരോരുത്തരുടേയും വീടുകളിൽ മാറി മാറി യോഗങ്ങൾ സൗകര്യപൂർവ്വം സംഘടിപ്പിക്കുന്നതു് കുടുംബാംഗങ്ങളിൽ ഇവയോടുള്ള പ്രതിപത്തി വളർത്തുവാൻ സഹായിക്കും.

ഈ മീററിംഗുകളിൽ സ്വീകരിക്കുന്ന മാനദണ്ഡം അതാതു ഗ്രൂപ്പുകൾക്കു് ഇണങ്ങുന്നതാകാൻ പരമാവധി ശ്രദ്ധിക്കുക. യുവജനവിഭാഗങ്ങളെസംബന്ധിക്കുന്ന ഗ്രൂപ്പുകൾക്കു ബാധകമായ മാനദണ്ഡം ഇവിടെയും സ്വീകരിക്കുക. മതാദ്ധ്യായനവിഭാഗത്തിന്റെയും ഇടവകനേതാക്കളുടെയും പ്രേഷിതപ്രവർത്തനങ്ങളിൽ അവർ നിർബന്ധമായും ഉറച്ചുനിൽക്കുവാൻ പ്രേരിപ്പിക്കുക.

സാധാരണ സമ്മിശ്ര ഗ്രൂപ്പുകൾക്കു് ആവശ്യമായ നിർദ്ദേശങ്ങൾ താഴെ പറയുന്നു.

*a) മിഷനറി*

ഭവനസന്ദർശനത്തിലൂടെ സുവിശേഷവൽക്കരിക്കുന്ന ഒരന്തരീക്ഷം കുടുംബങ്ങളിൽ കെട്ടിപ്പടുക്കുവാൻ സഹായിക്കുക; മതബോധനം നടത്തുക, കത്തോ

www.malankaralibrary.com

ഷിക്കാസാഹിത്യപ്രസിദ്ധീകരണങ്ങൾ വായിക്കുകയും വിതരണം നടത്തുകയും ചെയ്യുക, പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുക; സമാധാനയത്നങ്ങളിൽ ഭാഗഭാക്കായി സാമൂഹ്യതിൻമകളെ ഉച്ചാടനം ചെയ്യുക മുതലായവ.

## b) ജീവകാരുണ്യവും സാമൂഹ്യവും

സാധുക്കൾക്കു ഭവനനിർമ്മാണം, ആതുരശുശ്രൂഷ, വൃദ്ധൻമാരെയും നിരാലംബരേയും സഹായിക്കുക, പ്രായപൂർത്തിയെത്താത്ത അപക്വമതികളുടെ പ്രശ്നങ്ങൾക്കു പരിഹാരനിർദ്ദേശം, ശിശുക്കളുടെ വിദ്യാഭ്യാസക്ഷേമാന്വേഷണം.

ഗ്രാമവാസികൾക്കു് ശുചിത്വബോധമുണ്ടാക്കാൻ നിർദ്ദേശങ്ങൾ നൽകുക, കിണറു്, തടാകങ്ങൾ ഇവ നിർമ്മിക്കുക, മററു ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുക, റോഡു് നിർമ്മാണം മുതലായവ.

ഗ്രാമഡിസ്പെൻസറികൾ, നഴ്സറിസ്കൂളുകൾ, വായനശാലകൾ, സ്പോർട്ട്സ്, നാടകസാഹിത്യാദി ക്ലബുകൾ, നിശാവിദ്യാലയങ്ങൾ എന്നിവ സംഘടിപ്പിക്കുക മുതലായവ.

സഹകരണപ്രവർത്തനങ്ങൾ; തൊഴിലില്ലാത്തവർക്കു തൊഴിലന്വേഷിച്ചുകൊടുക്കുക, കൊച്ചുകുട്ടികൾക്കു് വിദ്യാഭ്യാസരംഗത്തും മററും മാർഗ്ഗനിർദ്ദേശങ്ങൾ.

## c) ഔദ്യോഗികപ്രവർത്തനങ്ങൾ

ആതുരശുശ്രൂഷ, വിദ്യാഭ്യാസപരിചരണം, അദ്ധ്യാപനം, സഹകരണരംഗങ്ങളിലെല്ലാം ക്രിസ്തീയ

www.malankaralibrary.com

ഉപവിയുടെ സന്ദേശമെത്തിക്കൽ, സാധുജനസഹായം മുതലായവ.

യോഗങ്ങൾ സംഘടിപ്പിക്കേണ്ടവയെ സംബന്ധിച്ച നിർദ്ദേശങ്ങൾ:—

നമ്മുടെ യോഗങ്ങളെ യുവജനവിഭാഗം വിരസമായി കണക്കാക്കുകയും ബഹിഷ്കരിക്കുകയും ചെയ്യുന്നതിന്റെ മുഖ്യമായ ചില കാരണങ്ങൾ;—

1) യോഗത്തിനു മുമ്പു് ശരിയായ പ്രാർത്ഥനാ പദ്ധതിയോ ഇല്ലാതിരിക്കുക.

2) യോഗങ്ങളിൽ നവീനമായ ഊർജ്ജബല പരിപാടികൾ ഇല്ലാതിരിക്കുക.

3) വെറും പരുക്കനായ ചർച്ചകൾ കൊണ്ടുമാത്രം യോഗം അവസാനിപ്പിക്കുക.

4) ഉദ്ദേശ്യലക്ഷ്യങ്ങളില്ലാതെ വെറുംചടങ്ങായി മാത്രം യോഗം ചേരുക.

5) അംഗങ്ങൾക്കെല്ലാം അഭിപ്രായപ്രകടനസ്വാതന്ത്ര്യമോ ഉത്തരവാദിത്വബോധമോ ഇല്ലാതിരിക്കുക.

അതുകൊണ്ടു് നമ്മുടെ എല്ലാ യോഗങ്ങളും അംഗങ്ങൾക്കു് പ്രചോദനവും നിർവൃതിയും നൽകുന്ന രീതിയിൽ രാഷ്ട്രത്തിനും ദൈവത്തിനും സമർപ്പണം ചെയ്യുന്ന മനസ്സാന്നിദ്ധ്യത്തോടെ മുൻകൂട്ടി തയ്യാർ ചെയ്തിട്ടുള്ള പദ്ധതിയോടെ കരുപ്പിടിപ്പിക്കേണ്ടതാണു്: അതല്ലാതെ യോഗസ്ഥലത്തുവച്ചുതന്നെ ചടങ്ങൊപ്പിക്കാൻ വേണ്ടി ധൃതിയിൽ തട്ടിക്കൂട്ടിയെടുക്കുന്ന ഒന്നാകരുതു്.

താഴെപ്പറയുന്നവയാണു് ഇന്ത്യയിലുള്ള L. W. A. ഗ്രൂപ്പുകളിലിന്നു് സ്വീകരിച്ചുവരുന്ന മാർഗ്ഗം:

www.malankaralibrary.com

1) അംഗങ്ങൾ പ്രസിഡൻറിനോടും സെക്രട്ടറിയോടും ആദ്ധ്യാത്മികോപദേഷ്ടാവിനോടും ഒപ്പമിരുന്നു് മുൻകൂട്ടിത്തന്നെ സമയവും സ്ഥലവും നിശ്ചയിക്കുന്നു. സാഹചര്യത്തിനനുസരിച്ചു് ആഴ്ചകൾ തോറും സമയമാററങ്ങളും സ്ഥലമാററങ്ങളും നടത്തുകയുംചെയ്യാറുണ്ടു്; സാധാരണ ഞായറാഴ്ച ദിവസങ്ങളിൽ ഏതെങ്കിലും സമയത്തായിരിക്കും യോഗങ്ങൾ ചേരുക. ഒരേ രംഗം എന്നും മുഷിപ്പുണ്ടാകാതിരിക്കാൻ ഓരോ യോഗങ്ങളും ഓരോരോ സ്ഥലങ്ങളിൽ വച്ചു ചേരുന്നു. ചിലപ്പോൾ വിദ്യാലയത്തിൻെറ ഹാളിലായിരിക്കാം, ഗ്രൗണ്ടിലായിരിക്കാം അതല്ലെങ്കിൽ പള്ളിമുറിയിലോ, മരത്തണലുകളിലോ ആയിരിക്കും.

2) മീററിംഗിനു മുമ്പുതന്നെ ഹാളിലോ, മുറിയിലോ ആണെങ്കിൽ അംഗങ്ങൾക്കു് ആവശ്യമായ വിധത്തിൽ ഇരിപ്പിടങ്ങൾ സജ്ജീകരിച്ചുകഴിഞ്ഞിരിക്കും.

3) മീററിംഗിൻെറ അവസരത്തിൽ അംഗങ്ങൾ സമവൃത്താകൃതിയിൽ മൊത്തമായി ക്രമീകരിച്ചിട്ടുള്ള ഇരിപ്പിടങ്ങളിൽ നിശ്ശബ്ദരായി സ്ഥലം പിടിച്ചിരിക്കും. ഇടയ്ക്കിടെ പരിപാടിയനുസരിച്ചു് സംഗീതോപകരണങ്ങളുടെ തന്ത്രികളിൽ നിന്നുയരുന്ന ഗാനത്തിൻെറ താളലയത്തിനനുസരിച്ചു് ഗാനശീലുകൾ അംഗങ്ങളിൽ നിന്നുയരുമ്പോൾ രംഗത്തിനു മേളക്കൊഴുപ്പേറും.

4) അംഗങ്ങളിൽ ആരെയെങ്കിലും നേരത്തെതന്നെ യോഗനടത്തിപ്പിൻെറ പ്രാരംഭചടങ്ങുകൾക്കായി നിർദ്ദേശകൻ എന്ന നിലയിൽ തിരഞ്ഞെടുത്തിട്ടുണ്ടായിരിക്കും. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതശൈ

www.malankaralibrary.com

ഷിയെ സംബന്ധിക്കുന്ന ലഘുലേഖയിൽ പ്രതിപാദിക്കുന്ന മനോഹരതീരത്തിൽ അങ്ങനെ എല്ലാവരും ഒത്തുചേരുന്നു.

ഉദാഹരണത്തിനു്: ലഘുലേഖയിൽ നിന്നു തിരഞ്ഞെടുത്ത ഭാഗം 'ധൈര്യം' (പേജു് 13) ആണു്,

*അവതരണം*

നേതാവു്: യുവജനങ്ങളെല്ലാം നിരാശയുടേയും അസ്വസ്ഥതയുടേയും നീർച്ചുഴിയിൽ വീർപ്പുമുട്ടിയാണു് മുന്നോട്ടു നീങ്ങുന്നതു്. നാം എന്തായിത്തീരണമെന്നും നാം എന്താണെന്നും എന്തൊക്കെ പ്രതീക്ഷകൾ വച്ചുപുലർത്തുന്നുവെന്നും അവയിൽ എന്തൊക്കെ പ്രാപിക്കാൻ സാധിക്കുമെന്നും ഉള്ള സ്ഥിരമായ ഒരു ആന്തരീക സമരം നമ്മിൽത്തന്നെ നിരന്തരം നടന്നുകൊണ്ടിരിക്കയാണു്. ഇന്നു നിലവിലുള്ള അവസ്ഥ നമ്മെ ഒട്ടും തൃപ്തിപ്പെടുത്തുന്നില്ല. ഭാവിയോ, അനിശ്ചിതത്വത്തിൻെറ മായാ മരീചികയും! അസന്മാർഗ്ഗികശക്തികൾ നമുക്കു് ഉള്ളിലും പുറവുപാടുകളിലും നാശത്തിൻെറ അഗാധതയിലേക്കു മുക്കുവാൻ കിനാവള്ളികളായി നമ്മെ വലയം ചെയ്യുന്നു. നമ്മുടെ ധൈര്യവും പ്രതീക്ഷകളും അഭിലാഷങ്ങളും അർത്ഥശൂന്യങ്ങളായി മണ്ണടിയുന്നു. ഈ അവസ്ഥയിൽ എല്ലാ പ്രതീക്ഷകളും ധൈര്യവും കൂടുതൽ നൈരാശ്യത്തിനു അടിയറ വയ്ക്കുവാൻ നാം സന്നദ്ധരാകണമോ; അതല്ല, മനഃസ്ഥൈര്യത്തിൻെറ ഉത്തുംഗമായ ശക്തിയെ പുനർജ്ജീവിപ്പിച്ചുകൊണ്ടു് അദമ്യമായ ആത്മാഭിലാഷത്താൽ എല്ലാ പ്രതിബന്ധങ്ങളെയും തട്ടിത്തകർത്തു മുന്നേറുവാൻ വീറും വീര്യവും നമ്മൾ പ്രകടിപ്പിക്കണമോ? ഈ ഒടുവിൽ പറഞ്ഞതാണു്

www.malankaralibrary.com

വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതശൈലിയിൽ നിന്നും നമുക്കു ലഭിക്കേണ്ട പാഠം.

ആദ്യവായന: ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യായുടെ ചെറിയ വഴി, 'ധൈര്യം' p. 13, 14.

രണ്ടാം വായന: സുവിശേഷം വി. മത്തായി: 14: 22–33.

നേതാവ്: സുഹൃത്തുക്കളെ, സുവിശേഷത്തിൽ നിന്നും വിശുദ്ധയുടെ ജീവിതത്തിൽനിന്നുമുള്ള ഭാഗങ്ങൾ നാം വായിച്ചുകേട്ടു. ഏതാനും നിമിഷങ്ങൾ അവയെക്കുറിച്ചു നമുക്ക് ആശയവിനിമയം നടത്തുകയും അവയുടെ പ്രതിഫലനം നമ്മുടെ പ്രാർത്ഥനകളിൽ എങ്ങനെ നിഴലിക്കുന്നുവെന്ന് ചിന്തിക്കുകയും ചെയ്യുക. (ഈ ഘട്ടത്തിൽ ഏതാനും അംഗങ്ങൾ മുകളിലുദ്ധരിച്ച സുവിശേഷഭാഗങ്ങളും മററും അവരെ എങ്ങനെ സ്പർശിച്ചുവെന്നു വിവരിക്കുന്നു. പ്രാർത്ഥനകളിൽ, വിചാരങ്ങളിൽ, ഭാവനകളിൽ എല്ലാം അവയുടെ പ്രതിഫലനം ഓരോ വ്യക്തികളിലും സൃഷ്ടിച്ചിട്ടുള്ള പരിവർത്തനത്തെക്കുറിച്ചുള്ള ആശയവിനിമയത്തിൽ എല്ലാ അംഗങ്ങളും പരസ്പര ബഹുമാനത്തോടെ ശ്രദ്ധിക്കുന്നു. ആ അവസരത്തിൽ ആദ്ധ്യാത്മികോപദേഷ്ടാവ് അംഗങ്ങളെ ഉത്തേജിപ്പിക്കുന്ന പ്രാർത്ഥനകളിലേക്ക് പ്രോൽസാഹിപ്പിക്കുന്നു.)

നേതാവ്: വിവിധങ്ങളായ സത്കാര്യങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം.

പ്രതിവചനം: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

www.malankaralibrary.com

1) പരിശുദ്ധാരൂപിയുടെ ധൈര്യത്തിലും ശക്തിയിലും ഇൻഡ്യയിലെ എല്ലാ യുവതീയുവാക്കളെയും സമന്വയിപ്പിക്കുന്നതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2) ഇൻഡ്യയിലെ എല്ലാ യുവജനങ്ങളെയും അവരുടെ മുതിർന്ന തലമുറയാൽ മനസ്സിലാക്കപ്പെടുന്നതിനും ഐശ്വര്യപൂർണ്ണമായ ജീവിതം കെട്ടിപ്പടുക്കുന്നതിനുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3) ഈ രാജ്യത്തെ തൊഴിലില്ലായ്മയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അങ്ങനെ യുവജനങ്ങൾ അർത്ഥപൂർണ്ണവും സമൃദ്ധവുമായ ഒരു ജീവിതം നയിക്കുന്നതിനും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4) ഭയത്തിലും നിരാശയിലും എല്ലാ ക്രിസ്തീയ യുവാക്കളും അവരുടെ ശ്രദ്ധ ക്രിസ്തുവിലേക്കു തിരിച്ചു് ധൈര്യവും പ്രത്യാശയും വീണ്ടെടുക്കുന്നതിനും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5) നമ്മുടെ L. W. A. യുവജനവിഭാഗം, L. W. A. വിഭാവനം ചെയ്യുന്ന ആദർശമൂല്യങ്ങളിൽ വ്യക്തിപരമായി ഇടർച്ച കൂടാതെ ഉറച്ചുനില്ക്കുന്നതിനും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നേതാവു്: നിത്യപിതാവേ, അങ്ങയുടെ പുത്രനാൽ അങ്ങു ഞങ്ങളെ പഠിപ്പിച്ചു, നൂറുപിടി ഗോതമ്പുകളിൽ ഒരു മണിപോലും കയ്യിൽനിന്നും ഉതിർന്നു നിലത്തുവീണു നശിക്കുകയില്ലായെന്നു്. ആ അനുഗ്രഹം വിശുദ്ധ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ഞങ്ങൾക്കു നീ തരിക. അങ്ങയുടെ സമാധാനത്തിന്റെ സാമ്രാജ്യം ഈ ലോകത്തു വന്നുചേരുവാൻ ഞങ്ങളുടെ സഹോദരൻമാർക്കായി ആവുന്നത്ര സേവനം

www.malankaralibrary.com

ചെയ്തു് വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ ആത്മാക്കാംക്കായി സ്വയം സമർപ്പിക്കുവാൻ സഹായിക്കേണമേ. പരിശുദ്ധാരൂപിയുമായുള്ള ഐക്യത്തിൽ വാഴുന്ന അങ്ങേ പുത്രനായ യേശുക്രിസ്തുവിൻെറ നാമത്തിൽ പിതാവേ, അങ്ങയോടു ഞങ്ങാം അപേക്ഷിക്കുന്നു. ആമേൻ.

*മീററിംഗിൻെറ രണ്ടാം ഭാഗം*

മുൻ ആഴ്ചകളിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ:

വിശ്രമവേളയിലെ പുനഃപരിശോധനപോലെ അംഗങ്ങാം കാര്യങ്ങാം വിലയിരുത്തുക. ഏതെങ്കിലും ഒരംഗത്തെക്കൊണ്ടു പ്രസിഡൻറു് കഴിഞ്ഞ ആഴ്ചകളിലേക്കു് എത്തിനോക്കാനുള്ള നിർദ്ദേശം ഉന്നയിപ്പിക്കുക. എന്തുമാത്രം പ്രവൃത്തി ചെയ്തു? എന്തുമാത്രം കൂടി ചെയ്യാമായിരുന്നു? സംഘടിച്ചു നില്ക്കുന്നുവെന്ന ബോധം പ്രവർത്തകരിൽ നിഴലിച്ചിരുന്നോ? പ്രവൃത്തിയുടെ രീതി മാറേണ്ടതുണ്ടോ? എന്തെല്ലാം ബുദ്ധിമുട്ടുകാം അനുഭവപ്പെട്ടു? ഭാവിയിൽ അത്തരം പ്രതിബന്ധങ്ങളെ എങ്ങനെ നേരിടണം? ആ പ്രവൃത്തിയിൽത്തന്നെ തുടരണമോ? മറേറതെങ്കിലും പ്രവൃത്തി മാറി തിരഞ്ഞെടുക്കണമോ?

*ഭാവി പരിപാടികൾക്കുള്ള പ്ളാൻ*

• എപ്പോാം, എവിടെ, എന്തു ജോലി നിർവഹിക്കണം. അത്തരം ജോലികൊണ്ടുള്ള പ്രയോജനം? എന്തെല്ലാം പ്രശ്നങ്ങാം ഉണ്ടാകാം. എങ്ങനെ അവയെ പരിഹരിക്കാം? ആരാണു ജോലി ഏടുക്കേണ്ടതു് മുതലായവ.

www.malankaralibrary.com

*മൂന്നാം ഭാഗം*

വിനോദങ്ങൾ: സമൂഹഗാനങ്ങൾ, കായികവിനോദങ്ങൾ മുതലായവ.

*നാലാം ഭാഗം*

അടുത്ത യോഗത്തെപ്പററിയുള്ള പ്രഖ്യാപനം, സമയവും സ്ഥലവും—സമാപനഗാനം.

ചുരുക്കത്തിൽ താഴെക്കാണുന്നവിധം യോഗത്തെ ക്രമീകരിക്കാം:

1 പ്രാരംഭ പ്രാർത്ഥനാഗാനം.

അല്ലെങ്കിൽ 1 സ്വർഗ്ഗ 1 നന്മ 1 ത്രിത്വ.

വിശുദ്ധ കൊച്ചുത്രേസ്യായേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

2 ധ്യാന വായന. (പ്രത്യേകം തിരഞ്ഞെടുത്ത ഭാഗങ്ങൾ)

3 ഉപദേശം.

4 ധ്യാനം.

5 കഴിഞ്ഞ ആഴ്ചയിലെ പ്രവർത്തന റിപ്പോർട്ടും ചർച്ചയും.

6 വരുന്ന ആഴ്ചയിലെ പ്രവർത്തനത്തിൻെറ രൂപരേഖ

7 ഹാജർ

8 ഉപസംഹാര പ്രാർത്ഥനാഗാനം

വിശുദ്ധ കൊച്ചുത്രേസ്യായേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

N. B. ഇതേ രീതിതന്നെ മററു ഗ്രൂപ്പുകളിലും ആവശ്യമായ ഭേദഗതികളോടെ സ്വീകരിക്കാം.

## F) *മുദ്രയും മുദ്രാവാക്യവും*

ഞാൻ സ്വർഗ്ഗത്തിൽ ചെന്നാൽ ലോകത്തിലേക്കു റോസാപുഷ്പങ്ങൾ വർഷിക്കുമെന്ന വി. കൊച്ചുത്രേസ്യായുടെ വചനങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടു്

www.malankaralibrary.com

വിടർന്നുനില്ക്കുന്ന റോസാപ്പൂവിതളുകളുടെ മുകളിൽ ഈ വിശ്വാസത്തെ മുഴുവൻ പ്രതിബിംബിക്കുന്ന ഭൂമിയും അതിൻെറ മുകളിൽ ലോകത്തിനുവേണ്ടി ക്രൂശിതനായ യേശുവിൻെറ കുരിശുരൂപവും ഉൾക്കൊള്ളുന്നതാണ്‌ L. W. A. യുടെ മുദ്ര. ലീഗിൽ വേയുടെ മുദ്രാവാക്യം: സ്നേഹംകൊണ്ടു ലോകത്തെ ക്രിസ്തുവിനുവേണ്ടി കീഴടക്കുക അഥവാ നേടിയെടുക്കുക് എന്നുള്ളതാണു്. നമ്മുടെ പതാകയുടെ നിറം മുകളിൽ ചുവപ്പും താഴെ മഞ്ഞയും കലർന്നതാണു്. വി. കൊച്ചുത്രേസ്യായുടെ നിരന്തരമായ രക്തസാക്ഷിത്വത്തിൻെറ അടയാളമായി ചുവപ്പും രാജകീയ പൗരോഹിത്യത്തിൻെറ അടയാളമായി മഞ്ഞയും നാം പതാകയിൽ ഉപയോഗിക്കുന്നു.

## IV

## പ്രാർത്ഥനകൾ

### A) *മിഷനുവേണ്ടിയുള്ള പ്രാർത്ഥന*

സ്നേഹവത്സലയായ അമ്മേ, കിരാതരും സംസ്കാരശൂന്യരുമായ അനേക ലക്ഷങ്ങൾ വരുന്ന അജ്ഞാതരായ പാവപ്പെട്ടവർ അങ്ങയുടെ ദൈവപുത്രൻെറ നാമം ഒരിക്കൽപ്പോലും കേൾക്കാത്തവരായി ഇന്നും ഭൂമുഖത്തുണ്ടു്. അവരെയും കാരുണ്യപൂർവ്വം കാത്തുകൊള്ളണമെ. അവരുടെമേൽ മരണത്തിൻെറ നിഴൽ വീഴുംമുമ്പേ, അവരുടെ ആത്മാക്കളേയും ദൈ

www.malankaralibrary.com

വികമായ മഹത്വത്തെ അറിയുവാനും ദൈവീക മഹത്വ ത്തിനായി സമർപ്പിക്കുവാനും സഹായിക്കേണമേ. വിശ്വാസത്തിൻെറയും പുണ്യത്തിൻെറയും വഴി അവർക്കായി ഒരുക്കികൊടുക്കേണമേ.

മിഷൻ പ്രവർത്തനരംഗത്തു് അങ്ങയുടെ ദൈവ പുത്രൻെറ നാമം വാഴ്ത്തപ്പെടുവാൻ, സമാധാനത്തി ൻെറയും വിശുദ്ധിയുടെയും പാതകൾ തുറക്കുവാൻ ഭൂമുഖത്തെങ്ങും യുവജനങ്ങൾക്കു് ആശയും ആവേശ വും പകർന്നു നല്കുകയും അവരുടെ മാർഗ്ഗങ്ങൾ ഭദ്രമായിരിക്കുവാൻ അവരെ അനുഗ്രഹിക്കുകയും ചെയ്യേണമേ. ആമേൻ.

b) *വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന*

പിതാവേ, അങ്ങയുടെ, വൈദികർക്കു സേവനത്തി ൻെറ അമൂല്യമായ അനുഗ്രഹങ്ങൾ നല്കേണമേ. വിശുദ്ധിയുടെ ചൈതന്യം അവരുടെ ഹൃദയങ്ങളിൽ പുനരുദ്ധാനം ചെയ്തു് അവരുടെ പാഠം ഞങ്ങളെ പഠിപ്പിച്ചു് അവരുടെ മാർഗ്ഗം ഞങ്ങൾക്കു മാതൃകയായിത്തീരാൻ സഹായിക്കേണമേ. പരിശുദ്ധാരൂപിയുടെ അനുഗ്രഹത്താൽ പിതാവേ, അവരുടെ പെരുമാററങ്ങളിൽ വിവേകവും ബുദ്ധിയിൽ മസൃണതയും സംസ്കാരപൂർണ്ണതയും ഹൃദയശുദ്ധിയും ആത്മീയപ്രകാശനത്തിൽ സ്വാതന്ത്ര്യവും നല്കണമേ. അങ്ങയുടെ വിശുദ്ധമായ സ്നേഹത്തിൻെറ നിസർഗ്ഗധാരയാൽ അവരെ അങ്ങയോടു ഏററവും അടുപ്പിച്ചു് അങ്ങയെ സ്തുതിക്കുവാനും ലൗകികമായ ആർഭാട പ്രതാപങ്ങളെ ത്യജിച്ചു പുണ്യപരിപൂർണ്ണരായി ജീവിക്കുവാനും പ്രേരിപ്പിക്കേണമേ, ആമേൻ.

www.malankaralibrary.com

## C) വിശുദ്ധ കൊച്ചുത്രേസ്യായോടുള്ള പ്രാർത്ഥന

ലോകത്തെങ്ങുമുള്ള കത്തോലിക്കാ മിഷനുകളുടെ ആത്മീയഗുരുവും ഉണ്ണിയേശുവിൻെറ നിഷ്കളങ്ക ചൈതന്യം സാക്ഷാത്ക്കരിച്ച ധന്യയുമായ വിശുദ്ധ കൊച്ചുത്രേസ്യായേ, എല്ലാ ഭൂഖണ്ഡങ്ങളിലും ത്യാഗത്തിൻെറയും ബലിയുടെയും പ്രതീകമായ വിശുദ്ധ കുരിശിൻെറ സ്ഥിരപ്രതിഷ്ഠയ്ക്കും സുവിശേഷത്തിൻെറ സമാധാനസന്ദേശം അനന്തമായ കാലത്തിൻെറ തീരങ്ങരം അവസാനിക്കുംവരെ സഞ്ചരിപ്പിക്കുവാനും അങ്ങയുടെ മിഷൻ പ്രവർത്തകരെ സഹായിക്കണെമേ. അങ്ങനെ നമ്മുടെ പിതാവായ ദൈവത്തിൻെറ അടുക്കൽ അല്ലയോ ധന്യേ, അവിടെനിന്നു കാണിച്ചുതന്ന ചെറിയ വഴിയിലൂടെ ഞങ്ങരം എത്തിച്ചേരുവാൻ വെളിച്ചം കാട്ടിത്തരണമേ, ആമേൻ.

## d) വിശുദ്ധയുടെ സ്വന്തം പ്രാർത്ഥന

ഈശോയേ, അനേകമനേകം നിസ്സഹായരായ ആത്മാക്കരംക്കായി അവരെ അങ്ങയുടെ അനുഗ്രഹ സ്രോതസ്സിൽ മുക്കുവാനായി ജീവിതം അർപ്പിക്കുന്ന ഞങ്ങളുടെ ചെറിയ കൂട്ടത്തേയും അങ്ങയുടെ സ്നേഹത്തിൻെറ മാധുര്യത്താൽ സന്തോഷിപ്പിക്കേണമേ. ആമേൻ.

www.malankaralibrary.com

# V

# ആത്മീയോപദേഷ്ടാക്കൾക്കുള്ള നിർദ്ദേശങ്ങൾ

1973 നവംബറിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ ചർച്ച ചെയ്യപ്പെട്ട വിഷയ നിർദ്ദേശങ്ങളിൽനിന്നും ഉരുത്തിരിഞ്ഞിട്ടുള്ള മാർഗ്ഗരേഖയാണു് ഈ കൊച്ചു പുസ്തകത്തിനു് ആധാരമായി സ്വീകരിച്ചിട്ടുള്ളതു്.

താല്ക്കാലിക നിർദ്ദേശങ്ങൾ മാത്രമേ ഇതിൽ അടങ്ങിയിട്ടുള്ളു. കാരണം, പുതിയ ഒരു സംരംഭം എപ്പോഴും ജീവസ്സുററതും നവീനങ്ങളെ ആശ്ലേഷിക്കുന്നതും, മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കൊത്തു പരിവർത്തനമാകേണ്ടതും ആകുന്നു. ജീവിതം ഒരിടത്തും തളച്ചിടേണ്ടതല്ലല്ലോ.

അതേ കാരണത്താൽ തന്നെ, ഇവിടെ നല്കിയിരിക്കുന്നവയെ മാററപ്പെടാത്ത നിയമങ്ങളായി കണക്കാക്കാതെ നിർദ്ദേശങ്ങളായി പരിഗണിക്കുകയാണു വേണ്ടതു്. അലംഘ്യനിയമങ്ങളായി പ്രമാണങ്ങളാക്കിയാൽ അതപകടമായിരിക്കും.

സുവിശേഷത്തിൻെറ ആത്മീയനിർവൃതിയിൽ നമ്മുടെ അംഗങ്ങളെ ധ്യാനജീവിതത്തിനു് പ്രേരിപ്പിക്കുവാൻ വിശുദ്ധ കൊച്ചുത്രേസ്യാ കാണിച്ചുതന്ന ചെറിയ വഴിയിലൂടെ നയിക്കുകയെന്നുള്ളതാണു് നമ്മുടെ ലക്ഷ്യം. വിശുദ്ധയുടെജീവിതവും വിശുദ്ധ ലോകത്തിനു നല്കിയിട്ടുള്ള കുറിപ്പുകളും പുതിയ

www.malankaralibrary.com

ആത്മാക്കളോടുള്ള അഭിവാഞ്ഛയെയും പരസ്നേഹത്തെയും ശിശുസഹജമായ ദൈവസ്നേഹത്തെയും പ്രകടമാക്കുന്നു. ചെറിയ വഴി ഒരു ജീവിതരീതിയായി നമുക്കു കാട്ടിത്തരുന്നു.

ആ ആത്മീയ പ്രാഭവം നമ്മിൽ ഇല്ലെങ്കിൽ നമുക്കു മററുള്ളവർക്കായി യാതൊരു നന്മയും ചെയ്‌വാൻ സാദ്ധ്യമല്ല. തായ്ത്തടിയിൽനിന്നും മാററപ്പെട്ട ശിഖരങ്ങൾക്കു ഫലങ്ങൾ സംഭാവന ചെയ്‌വാൻ സാധിക്കുമോ?

ദൈവാനുഗ്രഹത്തിന്റെ മഹനീയതയിൽ നാം നമ്മുടെ മുഴുവൻ സിദ്ധികളെയും ശക്തിപൂർണ്ണമാക്കി വിനയത്തിന്റെയും സത്യസന്ധതയുടെയും ലാളിത്യത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ പ്രവർത്തിക്കുമ്പോൾ നമ്മുടെ ഗ്രൂപ്പുകൾ വികാസപൂർണ്ണങ്ങളായിത്തീരും. വിശുദ്ധയുടെ ജീവിതവും പഠിപ്പിക്കലും അവയെ എളുപ്പമാക്കിത്തീർക്കാൻ നമ്മെ സഹായിക്കും. അതുകൊണ്ടു് അവയെക്കുറിച്ചു് ആദ്യമായിത്തന്നെ പരിനിഷ്ഠിതമായ അറിവു നമ്മൾ സമ്പാദിച്ചേ മതിയാവൂ. ജലസംഭരണിയിൽ ഒന്നുമില്ലാതെ പുറത്തേക്കു പമ്പു ചെയ്യുവാൻ സാദ്ധ്യമല്ല അംഗങ്ങളുടെ അഭിപ്രായങ്ങളെ കഴിയുന്നത്ര ശ്രദ്ധിക്കുവാൻ ശ്രമിക്കുകയും അവരെ നന്നായി മനസ്സിലാക്കുവാൻ ശ്രമിക്കുകയും അങ്ങനെ അവരുടെ കഴിവുകളെയും. വൈഷമ്യങ്ങളെയും അഭിലാഷങ്ങളെയും സ്ഥിരമായ താല്പര്യങ്ങളെയും വിലയിരുത്തുവാൻ സാധിക്കുകയും ചെയ്യണം.

കഴിവുകൾക്കു് ഉപരിയായി വളരെ കൂടുതലോ അതുപോലെതന്നെ തീരെ കുറച്ചോ അവരിൽനിന്നും നമ്മൾ ആഗ്രഹിക്കരുതു്. എല്ലാ മീററിംഗുകളും പ്ര

www.malankaralibrary.com

ധാനമാണ്. ജീവസ്സുററ ചുരുങ്ങിയ, നന്നായി തയ്യാറാക്കപ്പെട്ട പരിപാടികളോടെ സമയം കൊല്ലിയും ജീവിത പ്രതിബന്ധകാരിയുമായിത്തീരാതെ നിസർഗ്ഗമായ അകൃത്രിമത്വത്തോടെ യോഗം ആസൂത്രണം ചെയ്യുക. വർത്തമാന സംഭവങ്ങളെ മുഴുവൻ അത്യാവശ്യമായും യോഗത്തിൽ ചർച്ച ചെയ്യണം.

പ്രാർത്ഥന ഈ യോഗത്തിലെ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ്. ''ഒരുമിച്ചു പ്രാർത്ഥിക്കുന്നവരുടെ ഇടയിൽ ദൈവസാന്നിദ്ധ്യം ഉണ്ടായിരിക്കും'' എന്ന സുവിശേഷവാക്യം അനുസ്മരിക്കുക. പ്രാർത്ഥനയുടെ രീതി, സമയം എന്നിവയെല്ലാം ഓരോ ഗ്രൂപ്പിനും അനുസരണമായി സാഹചര്യങ്ങൾക്കനുസരിച്ചു മുഷിച്ചിലുണ്ടാകാത്തവിധം വ്യത്യാസപ്പെടുത്താവുന്നതാണ്. വിശുദ്ധ കൊച്ചുത്രേസ്യാ അവളുടെ ആത്മാവിനുള്ള സമൃദ്ധമായ ഭക്ഷണം വിശുദ്ധ ഗ്രന്ഥത്തിൽ കണ്ടെത്തിയിരുന്നു. അതിനായി വിശുദ്ധയുടെ ജീവചരിത്രപ്രമാണങ്ങളും കുറിപ്പുകളും ഓരോ അംഗങ്ങളുടെയും കൈവശം ഉണ്ടായിരിക്കണം. ദൈവത്തിൻെറ സുഭാഷിതങ്ങളിലുള്ള വിനയപൂർവ്വമായ പങ്കുവയ്ക്കലൊയി അത്തരം കൂട്ടുചേർന്നുള്ള പഠനങ്ങളും പ്രാർത്ഥനകളും പ്രശോഭിക്കണം.

കഴിഞ്ഞ യോഗങ്ങളെ വിലയിരുത്തൽ, ഭാവി പരിപാടികളുടെ നക്കൽ തയ്യാറാക്കൽ എന്നിവയെല്ലാം ഓരോ യോഗങ്ങളിലെയും സുപ്രധാന ഇനങ്ങളായിരിക്കണം. എല്ലാ അംഗങ്ങളെയും എല്ലാ യോഗങ്ങളിലും പങ്കെടുപ്പിക്കുവാനും യത്നിക്കണം. ഈ യോഗങ്ങളിൽ സാമൂഹ്യസ്വഭാവം പ്രതിഫലിക്കുന്നുവെങ്കിൽ ത്തന്നെ വ്യക്തിപരമായ സമ്പർക്കങ്ങളിലൂടെ കാര

www.malankaralibrary.com

ങ്ങൾ വിലയിരുത്തുവാൻ ആത്മീയോപദേഷ്ടാവു് മറന്നുകൂടാ. സ്നേഹമസൃണവും അവാച്യമധുരവുമായ പെരുമാററങ്ങളിലൂടെ എല്ലാവരേയും ആകർഷിക്കുവാൻ പോരുന്നവയായിരിക്കണം സമീപനം. വ്യക്തിപരമായി നാം അനുഷ്ഠിക്കാത്ത ഒന്നും മററുള്ളവരോടു നിർദ്ദേശിച്ചാൽ, പിഞ്ചുകുട്ടികൾപോലും അംഗീകരിക്കയില്ലെന്നുള്ളതു് അവശ്യം അറിഞ്ഞിരിക്കണം.

വ്യക്തിപരമായി കൂടുതൽ ഉണർവും ഉൽസാഹവും പ്രകടിപ്പിക്കുന്നവരെ അവരുടെ നിർദ്ദേശങ്ങൾക്കു പ്രോത്സാഹനം നല്കാൻ ഏതവസരവും ഉപയോഗപ്പെടുത്തണം.

L. W. A. വൈദികർതന്നെ കഴിഞ്ഞ ദേശീയ സെമിനാറിൽ ദേശീയ ഡയറക്ടർ (ഇൻഡ്യ) ഗ്രൂപ്പുകളുമായി സമയോചിതമായി സഹവർത്തിത്വം പുലർത്തേണ്ടവയെ സംബന്ധിച്ചു് ഊന്നിപ്പറഞ്ഞിട്ടുണ്ടു്. എന്നിരുന്നാലും ഓരോ ഘടകങ്ങളും, അതാതിൻെറ ഭരണനിർവ്വഹണം സ്വതന്ത്രമായി പുലർത്തുകയായിരിക്കും ഏററവും എളുപ്പമായുള്ള മാർഗ്ഗം.

ആവശ്യത്തിൽക്കവിഞ്ഞുള്ള പ്രചാരണ പ്രസിദ്ധികൾ കൂടാതെ സമഗ്രമായ പദ്ധതികളോടെ പരിപാടികൾ നടപ്പാക്കുക എന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം. മീററിംഗുകൾ ആവശ്യമെങ്കിൽ സമീപത്തുള്ള ഗ്രൂപ്പുകൾ ചേർന്നു് സംഘടിപ്പിക്കാവുന്നതാണ്. ഞങ്ങൾ ഒററയ്ക്കല്ല എന്ന തോന്നലിൽനിന്നും മോചനം നേടാൻ അതു സഹായിക്കും.

www.malankaralibrary.com

### രൂപതാടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളുടെ ഫെഡറേഷൻ

ഗ്രൂപ്പുകളുടെ എണ്ണം എത്ര വർദ്ധിച്ചാലും അവയെ സഹർഷം സ്വാഗതം ചെയ്യുക. പ്രാദേശിക സെമിനാറുകൾ, ആത്മീയോപദേഷ്ടാക്കളുടെ യോഗങ്ങൾ, ധ്യാനപരിപാടികൾ എന്നിവ രൂപതാടിസ്ഥാനത്തിൽ ഇടയ്ക്കിടെ ചേരാവുന്നതാണു്.

### സംയോജിത ഗ്രൂപ്പുകൾ

ക്രിസ്തീയ സംഘടനകളുടെ യോജിച്ചു പ്രവർത്തിക്കാവുന്ന സാമൂഹ്യ സേവനസംഘടകങ്ങളെ, പ്രത്യേകിച്ചും യുവജന വിദ്യാർത്ഥി വിഭാഗങ്ങളുടെ ക്രിസ്തീയ പോഷകസംഘടനകളെ ഇവയോടു് ഒന്നിപ്പിച്ചു സംയോജിത ഗ്രൂപ്പുകളാക്കി നിലനിർത്തുകയും അവർക്കാവശ്യമായ സഹായങ്ങൾ എത്തിക്കുകയും ചെയ്യാൻ L. W. A. തയ്യാറാവണം. ഭരണനിർവ്വഹണജോലികളും സംഘടിത പ്രവൃത്തികളും പ്രസിഡൻറു്, സെക്രട്ടറി, ഖജാൻജി എന്നീ ഔദ്യോഗിക ഭാരവാഹികളെക്കൊണ്ടുതന്നെ പ്രാരംഭഘട്ടം മുതൽ നിർവ്വഹിപ്പിക്കുവാൻ സംഘടനയുടെ ആദ്ധ്യാത്മികോപദേഷ്ടാവു് തയ്യാറാവണം. വ്യക്തിപരമായ നവോന്മേഷം പ്രദാനം ചെയ്യുകയും അത്തരം ഉണർവു ഭാവിനേതൃത്വപരിശീലനത്തിനുള്ള ഒരു കളരിയായിത്തീരുകയും ചെയ്യാൻ ഉപകരിക്കണം.

മറെറാരു കാര്യം കൂടി ഇവിടെ വ്യക്തമാക്കിക്കൊള്ളട്ടെ. ആത്മീയ പൈതൃക സ്ഥാനത്തു് വരുന്നവർ മുഖ്യമായും വൈദികരോ മറേറതെങ്കിലും ആദ്ധ്യാത്മിക സഭാപ്രവർത്തകരോ ആയിരിക്കുകവാൻ ഇടയുള്ളതിനാൽ അവർക്കു പെട്ടെന്നു സ്ഥലമാററവും മററും വേണ്ടിവരുമ്പോൾ ഭരണസ്തംഭനം ഉണ്ടാകാതിരിക്കാൻ പ്രവർത്തകർക്കു സാധിക്കണമെങ്കിൽ നേരത്തെ തന്നെ പരിശീലനം കൂടിയേ തീരൂ.

www.malankaralibrary.com

# VI

## കേരളത്തിൽ L. W. A. യുടെ പ്രവർത്തനം

കേരളത്തിലെ ക്രൈസ്തവ ദേവാലയങ്ങൾ, കന്യാകാമഠങ്ങൾ, കോളേജുകൾ, സ്കൂളുകൾ, യുവജനസംഘടനകൾ, ക്ലബുകൾ, വായനശാലകൾ ഇവയോടനുബന്ധിച്ചു് L. W. A. യുടെ 520 യൂണിററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടു്. ഓരോ യൂണിററിനും ഉപശാഖകളുമുണ്ടു്. തിരുവനന്തപുരം അതിരൂപതാ തിരുവനന്തപുരം രൂപതാ, കൊല്ലം രൂപത ചങ്ങനാശ്ശേരി കാഞ്ഞിരപ്പള്ളി, തിരുവല്ല, കോട്ടയം, വിജയപുരം, ആലപ്പുഴ, എറണാകുളം, കൊച്ചി, വരാപ്പുഴ, ഇരിങ്ങാലക്കുട, പാലക്കാടു്, തൃശൂർ, തലശ്ശേരി, മാനന്തവാടി, കോഴിക്കോടു്, സുൽത്താൻബത്തേരി എന്നീ രൂപതകളിലായി ഇവ വ്യാപിച്ചുകിടക്കുന്നു. എല്ലാ യൂണിററുകളെയും ഏകോപിപ്പിക്കുവാൻ തിരുവനന്തപുരം അതിരൂപതയിലെ അഞ്ചൽ കേന്ദ്രമാക്കി ലററിൽവേ എന്ന മാസിക പ്രസിദ്ധീകരിക്കുന്നുണ്ടു്. L. W. A. മാനുവൽ കൊച്ചുത്രേസ്യായുടെ ജീവചരിത്രമടങ്ങുന്ന സചിത്ര പുസ്തകം, ചെറുപുഷ്പമഞ്ജരി, ചെറുപുഷ്പദർപ്പണം, നിയമാവലിപുസ്തകം എന്നിവ സംഘടനയുടെ വകയായി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. L. W. A. മാനുവൽ ധ്യാനത്തിനും ചിന്തയ്ക്കും ഉപകാരപ്രദമാണു്.

L. W. A. കേരളഘടകത്തിനു തിരഞ്ഞെടുക്കപ്പെട്ട ഒരു സംസ്ഥാനപ്രസിഡൻറും സെക്രട്ടറിയും ട്രഷററും പതിനൊന്നു കമ്മററി അംഗങ്ങളുമുണ്ടു്. യൂണിററുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാ

www.malankaralibrary.com

ക്കാൻ ഭരണസൗകര്യത്തിനായി കേരളത്തെ മൂന്നു മേഖലകളായി വിഭജിച്ചിട്ടുണ്ടു്. 1. സൗത്തു് സോൺ:— തിരുവനന്തപുരം അതിരൂപത, തിരുവനന്തപുരം രൂപതാ, കൊല്ലം രൂപതാ ഇവ ഇതിൽ ഉൾപ്പെടുന്നു. ഈ സോണിന്റെ പ്രസിഡന്റു് ഫാ. ഗീവർഗീസു് ചരുവിളയും (തിരുവനന്തപുരം അതിരൂപത) സെക്രട്ടറി ഫാദർ വാൾട്ടർ മോറീസും (കൊല്ലം രൂപത) ആണു്. 2. സെൻട്രൽ സോൺ:— തിരുവല്ലാ, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, വിജയപുരം, ആലപ്പുഴ, എറണാകുളം, കൊച്ചി, വരാപ്പുഴ രൂപതകൾ ഇതിൽ ഉൾപ്പെടുന്നു. സോണൽ പ്രസിഡന്റു് ഫാദർ പീററർ ഡിക്രൂസും (വിജയപുരം) സെക്രട്ടറി ഫാദർ ആൻഡ്രൂ പുത്തൻപറമ്പിലും (തിരുവല്ല) ആണ്. നോർത്തു് സോൺ:— തൃശൂർ, ഇരിങ്ങാലക്കുട, കോഴിക്കോടു്, തലശ്ശേരി, മാനന്തവാടി, സുൽത്താൻ ബത്തേരി, കോട്ടയം (മലബാർ റീജിയൻ) എന്നീ രൂപതകൾ ഇതിൽ ഉൾപ്പെടുന്നു. സോണൽ പ്രസിഡന്റു് ഫാ. ആൻഡ്രൂസു് തെക്കേക്കണ്ടവും (തലശ്ശേരി) സെക്രട്ടറി ഫാദർ ജോസഫ് മററം C. M. I. യും ആണു്. ഓരോ രൂപതയിലെയും പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി രൂപതാ എക്സിക്യൂട്ടീവു് കമ്മററികൾ രൂപീകരിച്ചിട്ടുണ്ടു്.

താഴെപ്പറയുന്ന വൈദികരാണു് ഓരോ രൂപതയിലെയും പ്രമോട്ടേഴ്സു്.

തിരുവനന്തപുരം അതിരൂപത—ഫാ. ഗീവർഗീസ് ചരുവിളയിൽ.
ഫാ. ജോൺ അരീക്കൽ.

www.malankaralibrary.com

| | |
|---|---|
| തിരുവനന്തപുരം രൂപത | — ഫാ. എസ്. തോമസ് |
| കൊല്ലം രൂപത | — ഫാ. വാഡംട്ടർമോറീസ് |
| തിരുവല്ല രൂപത | — ഫാ. ആൻഡ്രൂ പുത്തൻപറമ്പിൽ |
| ആലപ്പുഴ രൂപത | — ഫാ. രാജൻ മേനക്കാട്ട് |
| ചങ്ങനാശ്ശേരി അതിരൂപത | — ഫാ. തോമസ് ശൗര്യാംകുഴി |
| കോട്ടയം രൂപത | — ഫാ. മാത്യു കുഴിപ്പിൽ |
| കാഞ്ഞിരപ്പള്ളി രൂപത | — ,, മാത്യു വയലുങ്കൽ |
| വരാപ്പുഴ രൂപത | — ഫാ. ആൻറണി കൊപ്പാണശ്ശേരി |
| തൃശൂർ രൂപത | — ഫാ. ജോസഫ് കാച്ചപ്പള്ളി |
| പാലക്കാട്ടു രൂപത | — ഫാ. ജോസഫ് പാലക്കാട്ടുകുന്നേൽ |
| കോഴിക്കോടു രൂപത | — ഫാ. ജയിംസ് തോട്ടകത്ത് S. J. |
| തലശ്ശേരി രൂപത | — ഫാ. ആൻഡ്രൂസ് തെക്കേക്കണ്ടം |
| മാനന്തവാടി രൂപത | — ഫാ. സെബാസ്റ്റൻ പുളിക്കൽ |
| സുൽത്താൻബത്തേരി രൂപത | — ഫാ. ജോസ് മണിയങ്ങാട്. |
| കോട്ടയം (മലബാർ റീജിയൻ) | — ഫാ. ജോസഫ് മേലേടം. |

www.malankaralibrary.com

L. W. A. കേരളാഘടകം വർഷംതോറും മദ്ധ്യവേനൽ അവധിക്കാലത്തു് നാഷണൽ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ എല്ലാ യൂണിററുകളേയും പങ്കെടുപ്പിച്ചു കൊണ്ടു് സെമിനാറുകരം, ചർച്ചാക്ലാസ്സുകരം, നേതൃത്വപരിശീലനക്യാമ്പുകരം, കലാപരിപാടികരം, ധ്യാനങ്ങരം ഇവ സംഘടിപ്പിക്കാറുണ്ടു്. വൈദികർക്കായി ഓരോ സോണിലും ധ്യാനയോഗങ്ങരം ക്രമീകരിച്ചു് നടത്തുന്നു. വാർഷികത്തോടു് അനുബന്ധിച്ചു് ഓരോ യൂണിററിന്റെയും റിപ്പോർട്ടു് ശേഖരിക്കുകയും അവ വിലയിരുത്തി നന്നായി പ്രവർത്തിക്കുന്ന യൂണിററുകരംക്കു് പ്രോൽസാഹന സമ്മാനങ്ങരം നല്കുകയും ചെയ്യുന്നു.

ഈ സംഘടന ഇനിയും സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ വൈദികരും കന്യാസ്ത്രീകളും മുൻകൈ എടുത്തു് ഇതു സ്ഥാപിക്കുകയും, വിവരം നിർദ്ദിഷ്ട ഫാറത്തിൽ പൂരിപ്പിച്ചു് അതിന്റെ അഞ്ചു കോപ്പി തയ്യാറാക്കുകയും, ഒരെണ്ണം യൂണിററിൽ സൂക്ഷിച്ചു് മററു നാലു ഫാറങ്ങളും സംസ്ഥാന സെക്രട്ടറിയ്ക്കു് രജിസ്ട്രേഷനുവേണ്ടി അയച്ചുകൊടുക്കുകയും ചെയ്യുക. നിങ്ങളുടെ യൂണിററു് രജിസ്ട്രേഷനു സംസ്ഥാനസെക്രട്ടറിക്കു് എഴുതുമ്പോരം പ്രചാരകൻ, ആദ്ധ്യാത്മികോപദേഷ്ടാവു്, പ്രസിഡൻറു്, ഖജാൻജി, സെക്രട്ടറി എന്നിവരുടെ പൂർണ്ണമായ മേൽവിലാസവും പിൻകോടും വ്യക്തമായി എഴുതുകയും യൂണിററും സോണും, രൂപതയും രേഖപ്പെടുത്തുകയും വേണം. യൂണിററിന്റെ രജിസ്ട്രേഷൻ നമ്പരിനായി രൂപത ആനിമേററരെ സമീപിക്കേണ്ടതാണു്. ലിററിൽവേയുടെ കൊടിയും ബോർഡും ഓരോ യൂണി

www.malankaralibrary.com

ററിനും ആവശ്യമാണു്. ബോർഡിൽ യൂണിററിന്റെ പേരും രജിസ്ററർ നമ്പരും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ഓരോ രൂപതാ എക്സിക്യൂട്ടീവു് കമ്മററിയും നിശ്ചയിക്കുന്ന തുക വാർഷിക വരിസംഖ്യയായി ഓരോ യൂണിററിലേയും അംഗങ്ങൾ നല്കേണ്ടതും ആ തുക രൂപത ഖജാൻജി സൂക്ഷിച്ചു രൂപതയുടെ L. W. A. ചെലവിലേക്കും സംസ്ഥാന L. W. A. യുടെ പൊതുപ്രവർത്തനങ്ങളിലേക്കും നിയോഗിക്കണം. ലിററിൽവേ അസോസിയേഷന്റെ ഔദ്യോഗിക ജിഹ്വയായ 'ലിററിൽവേ' മാസികയ്ക്കുള്ള വരിസംഖ്യ, പ്രവർത്തനഫണ്ടിലേക്കുള്ള ചെലവു് തുടങ്ങിയവ സംസ്ഥാന ട്രഷററിന്റേയും സെക്രട്ടറിയുടെയും പേരിൽ സൂക്ഷിക്കുന്നതും L. W. A. എക്സിക്യൂട്ടീവിന്റെ തീരുമാനപ്രകാരം വിനിയോഗിക്കുന്നതുമാണു്.

www.malankaralibrary.com

# VII

## വി. കൊച്ചുത്രേസ്യായുടെ ജീവിതത്തിലെ അവിസ്മരണീയ ദിനങ്ങൾ

| | |
|---|---|
| 1858 ജൂലായ് 13 | ളൂയിമാർട്ടിന്റെയും സെലിഗ്വരിന്റെയും വിവാഹം. |
| 1873 ജനുവരി 2 വ്യാഴം | വി. കൊച്ചുത്രേസ്യായുടെ ജനനം. (ഒൻപതാമത്തേതും അവസാനത്തേതുമായ കുട്ടി) |
| 1877 ആഗ: 28 ചൊവ്വ | സെലിഗ്വരിന്റെ (മാതാവു്) മരണം. |
| 1883 മെയ് 13 | പെന്തക്കുസ്തോ തിരുനാൾ .മാതാവിന്റെ ദർശനവും അത്ഭുത രോഗശാന്തിയും) |
| 1884 മെയ് 8 തിങ്കൾ | പ്രഥമ ദിവ്യകാരുണ്യ സ്വീകരണം.. |
| 1884 ജൂൺ 14 ശനി | സ്ഥൈര്യലേപന സ്വീകരണം. |
| 1887 നവംബർ 20 ഞായർ | XIII ലെയോൻ മാർപ്പാപ്പായെ സന്ദർശിക്കുന്നു. |
| 1888 ഏപ്രിൽ 9 തിങ്കൾ | കർമ്മെലമഠപ്രവേശനം. |
| 1889 ജനുവരി 10 തിങ്കൾ | സഭാവസ്ത്രസ്വീകരണം. |
| 1890 സെപ്റ്റം. 8 തിങ്കൾ | വ്രതവാഗ്ദാനം. |
| 1890 സെപ്റ്റം. 24 ബുധൻ | ശിരോവസ്ത്രസ്വീകരണം. |

www.malankaralibrary.com

| | |
|---|---|
| 1894 ജൂലായ് 29 ഞായർ | ലൂയി മാർട്ടിന്റെ (പിതാവു്) മരണം. |
| 1897 സെപ്റ്റം 30 വ്യാഴം | വൈകുന്നേരം 7.20–നു് കൊച്ചുത്രേസ്യായുടെ ഭാഗ്യമരണം. |
| 1923 ഏപ്രിൽ 29 | ധന്യയെന്നു പ്രഖ്യാപനം ചെയ്യപ്പെടുന്നു. |

1925 മേയ് 17–ാം തീയതി 11–ാം പീയൂസ് കൊച്ചുത്രേസ്യായെ വിശുദ്ധയെന്നു പ്രഖ്യാപിക്കുന്നു.

1927 ഡിസം. 14 അഖിലലോകമിഷൻ മദ്ധ്യസ്ഥയായി പ്രഖ്യാപിക്കപ്പെടുന്നു.

MALANKARA
LIBRARY

www.malankaralibrary.com

# VIII

## സർക്കുലറിൽനിന്നു

1978 ആഗസ്റ്റു് 18-ാം തീയതി ഞാനയച്ച സർക്കുലറിനു ലഭിച്ച അനേകം മറുപടികളിൽനിന്നും ഉരുത്തിരിഞ്ഞ ചില വസ്തുതകൾ നിങ്ങളുമായി പങ്കിടുവാൻ എനിക്കു വലിയ സന്തോഷമുണ്ടു്.

കേരളത്തിലെ പതിനേഴു രൂപതാതിരൂപതകളിലുള്ള 135 ഗ്രൂപ്പുകളിൽനിന്നു് അത്രയുംതന്നെ മറുപടികൾ എനിക്കു ലഭിച്ചു. ഓരോ ഗ്രൂപ്പും നാലോ അഞ്ചോ യൂണിററുകളെങ്കിലും ഉൾക്കൊള്ളുന്നവയാണു്. കേരളത്തിലെ നമ്മുടെ സംഘടനയുടെ പ്രോൽസാഹജനകമായ ചിത്രം അവ നൽകുന്നു. കുറഞ്ഞ കാലത്തിനകമുള്ളവായ നല്ല മുന്നേററം.

ഈ സംഖ്യയേക്കാൾ അവ നൽകുന്ന റിപ്പോർട്ടുകൾ പ്രോൽസാഹജനകമാണു്. അവയിൽനിന്നു താഴെ പ്രസ്താവിക്കുന്നകാര്യങ്ങൾ സ്പഷ്ടമാണു്.

1) പ്രായമായവരുടെയും യുവതീയുവാക്കളുടെയും ഗ്രൂപ്പുകൾ അതിവേഗം വളർന്നുകൊണ്ടിരിക്കുന്നു.

2) മിഷൻ ചൈതന്യമുള്ള ധാരാളം യൂണിററുകൾ നിലവിലുണ്ടു്. ഇടവകയിലെ കുടുംബങ്ങളെ അവ പ്രാർത്ഥനയും സ്നേഹവും വഴി സംയോജിപ്പിക്കുന്നു.

3) തദ്ദേശ പരോപകാര പ്രവർത്തനങ്ങളുടെ കാര്യത്തിൽ കൂടുതൽ സ്വയാശ്രയത്വം കൈവരുന്നുണ്ടു്.

www.malankaralibrary.com

ഓരോ സ്ഥലത്തുനിന്നുതന്നെ അവയ്ക്കു വേണ്ട ഫണ്ടുകൾ പിരിച്ചെടുക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്.

4) പൊതുവേ നമ്മുടെ പ്രസ്ഥാനത്തിൻെറ ലക്ഷ്യത്തെക്കുറിച്ചു് വ്യക്തമായ അവബോധം വളരുന്നുണ്ടു്. വെറും കടലാസു സംഘടനയല്ലാതെ അവ പ്രവർത്തനനിരതമാകുവാൻ യത്നിക്കുന്നുണ്ടു്.

ഇവയെല്ലാംതന്നെ അനേകരുടെ തീഷ്ണമായ ശ്രമഫലമായിട്ടുണ്ടായതാണു്. ആരംഭം മുതലേതന്നെ റീജിയനൽ ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ഫാദർ ഏബ്രഹാം ജോസഫിൻെറ ഉത്തേജനവും പ്രവൃത്തിയിലധിഷ്ഠിതമായ സഹകരണവും അദ്ദേഹത്തിൻെറ അനേകം സഹായികളുടെ ശ്രമവും ഇതിൻെറ പിന്നിലുണ്ടു്. ഇവരെല്ലാം മുൻകൈയെടുത്തു സംഘടിപ്പിച്ചിട്ടുള്ള സെമിനാറുകൾ, ധ്യാനയോഗങ്ങൾ, സുവിശേഷയോഗങ്ങൾ എന്നിവയെല്ലാം ഇതിനു സഹായകമായിരുന്നിട്ടുണ്ടു്. ഫാദർ സിൽവെസ്ററർ L. F. കോട്ടേജിൻെറ ഫലദായകമായ നേതൃത്വത്തിൽ സംഘടിതമായ റീജിയനൽ ഓർഗനൈസിംഗ് കമ്മററി വന്നതിനുശേഷം നമ്മുടെ സംഘടനയ്ക്കു് ഒരു നവചൈതന്യം വന്നിട്ടുണ്ടു്. അദ്ദേഹം തന്നെയാണു് കേരളത്തിലെ ഈ സംഘടനയുടെ ജനറൽ സെക്രട്ടറിയും. അവർക്കെല്ലാവർക്കും എൻെറ അഭിനന്ദനങ്ങൾ!

മേൽ പ്രസ്താവിച്ച ഓർഗനൈസിംഗ് കമ്മിററിക്കു കൂടുതൽ ഫലവത്തായി പ്രവർത്തിക്കുന്നതിനു് കേരളത്തിലെ എല്ലാ ഗ്രൂപ്പുകളും അതുമായി രജിസ്ററർ ചെയ്യണമെന്ന കാര്യം അത്യാവശ്യമാണു്. നിങ്ങളുടെ ഗ്രൂപ്പു് ഇപ്രകാരം രജിസ്ററർ ചെയ്തിട്ടുള്ള

www.malankaralibrary.com

തല്ലെങ്കിൽ ഉടനെതന്നെ സദയം അപ്രകാരം ചെയ്യുക. മേലിൽ രജിസ്ററർചെയ്യാത്തഏതെങ്കിലും ഗ്രൂപ്പുമായി ഈ കമ്മിററി സഹകരിക്കുകയില്ല. ഞാനിതു നിർബന്ധിക്കുന്നതിനു കാരണമുണ്ടു്. നിങ്ങൾ രജിസ്ററർ ചെയ്താലേ ഭാവിയിൽ സെമിനാറുകൾക്കു നിങ്ങളെ ക്ഷണിക്കുക. ബുള്ളററിൻ നിങ്ങൾക്കു് അയച്ചുതരിക, നമ്മുടെ സംഘടനയെ സംബന്ധിച്ച പ്രധാന കാര്യങ്ങൾ നിങ്ങളെ അറിയിക്കുക, അങ്ങനെ നിങ്ങൾക്കു് ഈ പ്രസ്ഥാനത്തിൽ താല്പര്യമുളവാക്കുക—ഇവയൊക്കെ സാദ്ധ്യമാകൂ. കൂടാതെ കടലാസ്സിൽ മാത്രം പ്രവർത്തിക്കുന്ന ഗ്രൂപ്പുകളെ നിർമ്മാർജ്ജനം ചെയ്യുകയും വേണം.

നിങ്ങൾ യൂണിററു് രജിസ്ററർ ചെയ്തുകഴിഞ്ഞാൽ തക്കതായ എണ്ണമുള്ളിടത്തു് രൂപതാതലത്തിൽ ശരിയായ നിലയിൽ ഈ സംഘടനയെ ക്രമപ്പെടുത്തുവാൻ സാധിക്കും.........ലക്ഷ്യബോധം ശരിയാണോ എന്നു ഗ്രഹിക്കുവാൻ ഓർഗനൈസിംഗ് കമ്മിററിയംഗങ്ങൾ വിവിധ ഗ്രൂപ്പുകളും സെമിനാറുകളും സന്ദർശിക്കണം.

ഈ ലക്ഷ്യബോധം ഏററം പ്രധാനമായ ഒന്നാണു് വി. കൊച്ചുത്രേസ്യായോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സംഘടനയല്ല L. W. A. "നിങ്ങൾ ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തു പ്രവേശിക്കുകയില്ല" എന്നു നമ്മുടെ കർത്താവുതന്നെ അരുളിച്ചെയ്തിട്ടുള്ളതനുസരിച്ചു് ആദ്ധ്യാത്മിക ശിശുത്വത്തോടുകൂടിയ ഒരു ജീവിതരീതിയാണതു്. അവിടുത്തെ കാലത്തുണ്ടായിരുന്ന പുരോഹിതൻമാരോടും ശാസ്ത്രികളോടും നിയമജ്ഞരോടും മററു പ്രമുഖരോടുമവിടുന്നരുളിച്ചെയ്ത ഈ

www.malankaralibrary.com

വാക്കുകൾ ഇക്കാലത്തെ സഭയോടും അവിടുന്നരുളിച്ചെയ്യുന്നു. സഭാംഗങ്ങളുടെ മദ്ധ്യത്തിൽ ഇന്നു് അവിടുന്നു് നിറുത്തുന്ന പൈതലാണു് വി. കൊച്ചുത്രേസ്യാ. അവളുടെ ജീവിതവും മാതൃകയും പഠിച്ചു് അവളെ അനുകരിക്കുവാൻ ദിവംഗതനായ പോൾ ആറാമൻ മാർപാപ്പാ എല്ലാ പ്രാസംഗികരോടും വേദാദ്ധ്യാപകരോടും ആവശ്യപ്പെട്ടു. മാർപാപ്പാ പ്രസ്താവിച്ചു: ''ആധുനികകാലത്തിൻെറ എല്ലാ ആവശ്യങ്ങളുടെയും മറുപടി അവളുടെ പക്കലുണ്ടു്.''

ഈ സംഘടനയുടെ ഉദ്ദേശ്യം സ്നേഹത്തിൽകൂടി ക്രിസ്തുവിനുവേണ്ടി ലോകത്തെ പിടിച്ചെടുക്കുകയാണു്. ഇൻഡ്യയെ ക്രിസ്തുവിൻെറ പക്കലേക്കു നയിക്കുന്നതിനു മററൊരു മാർഗ്ഗമില്ല. ആദിമ ക്രിസ്ത്യാനികൾ ദരിദ്രരായിരുന്നു. വിദ്യാഭ്യാസം ഇല്ലാത്തവരായിരുന്നു, മിക്കവരും അടിമകളായിരുന്നു. പരസ്പരം സ്നേഹംവഴി അന്നറിയപ്പെട്ടിരുന്ന ലോകത്തെ മുഴുവനും അവർ ക്രിസ്തുവിൻെറ പക്കലേക്കു നയിച്ചു. കെട്ടിടങ്ങളും മുദ്രണശാലകളും ആധുനികകാലത്തെ ആശയവിനിമയ മാധ്യമങ്ങളായ ദൃശ്യശ്രവണസഹായികളുമെല്ലാം ഈ സ്നേഹമില്ലെങ്കിൽ വില പിടിച്ച കളിപ്പാവകൾ മാത്രമായി മാറും. കുടുംബങ്ങളുടെ വിദ്യാലയങ്ങളുടെ, ജോലിസ്ഥലങ്ങളുടെ, ഇടവകയുടെ ഹൃദയങ്ങളിൽ സ്നേഹമായിത്തീരുന്നതിനു നാം ദൃഢപ്രതിജ്ഞയെടുക്കണം. സഭയുടെ ഹൃദയത്തിൽ സ്നേഹമായിത്തീരുന്നതിനു് കൊച്ചുത്രേസ്യാ ആഗ്രഹിച്ചതുപോലെതന്നെ ജ്ഞാനസ്നാനംവഴി ക്രിസ്ത്യാനികളായിത്തീർന്ന നമുക്കു, ദൈവത്തിൻെറ മക്കളും ക്രിസ്തുവിൻെറ സഹോദരങ്ങളുമായിത്തീരുവാനുള്ള ദൈവവിളിയാണു് ലഭിച്ചിരിക്കുന്നതു്.

www.malankaralibrary.com

ഈ ദൈവവിളിയെക്കുറിച്ചു നാം ശരിയായ അവബോധമുള്ളവരായിത്തീരണം. നാമാണു് ദൈവത്തിന്റെ സഭ. മാർപാപ്പായും മെത്രാനും വൈദികനും സാധാരണ വിശ്വാസിയും എല്ലാം ക്രിസ്തുവിന്റെ ഭൗതിക ശരീരമാകുന്ന സഭയിലെ അവയവങ്ങളും സഭയിൽ പൂർണ്ണമായ അംഗത്വം ലഭിച്ചിട്ടുള്ളവരുമാണു്. ഈ അംഗത്വം ഒരു ചുമതല നമ്മിലർപ്പിച്ചിട്ടുണ്ടു്. ദൈവം നമ്മെ വിളിച്ചിട്ടുള്ള ജീവിതാവസ്ഥയ്ക്കനുസരണം എല്ലാവർക്കും ക്രിസ്തുവിന്റെ സാന്നിദ്ധ്യവും സ്നേഹവും ആയിരിക്കുക എന്നതാണതു്.

കുടുംബാംഗങ്ങളെല്ലാം പരസ്പരം സ്നേഹിച്ചും പരസ്പരം സഹായിക്കുവാൻ ആകാംക്ഷ കാണിച്ചും നാമിതു നമ്മുടെ കുടുംബത്തിലാരംഭിക്കേണ്ടതാണു്. നമ്മുടെ ഗ്രൂപ്പുകളിലെ എല്ലാ അംഗങ്ങളുടെയും ആദ്യ താല്പര്യം ഇതായിരിക്കട്ടെ. ഇതു സാധിതമാകുന്നതിനുവേണ്ടി നമ്മുടെ സമ്മേളനങ്ങളിൽ നാം പരസ്പരം സഹായം ചെയ്തു കൊടുക്കണം. ഇടവക പണിയപ്പെട്ടിരിക്കുന്ന അടിസ്ഥാനം കുടുംബങ്ങളാണു്. അടിസ്ഥാനം ബലഹീനമെങ്കിൽ അതിൽമേൽ പണിയപ്പെട്ടിരിക്കുന്നതു് നിലനിൽക്കുകയില്ല. നമുക്കു ചുററുമുള്ള ലോകത്തിനു അതൊരു സാക്ഷ്യവും വഹിക്കുകയില്ല. കൂടാതെ പരസ്നേഹത്തിൽ ഐക്യപ്പെട്ട കുടുംബങ്ങളിൽനിന്നാണു് ദൈവസ്നേഹത്തിനും മററുള്ളവരെ ശുശ്രൂഷിക്കുന്നതിനും, തങ്ങളെ അർപ്പിക്കുന്നവരെ ദൈവം വിളിക്കുന്നതു്. ക്രിസ്തീയ കുടുംബങ്ങൾക്കു അവയുടെ യാഥാർത്ഥ്യം നഷ്ടപ്പെടുന്നപക്ഷം സെമിനാരികളും സന്യാസപരിശീലനകേന്ദ്രങ്ങളും പിന്നെ കാണുകയില്ല.

www.malankaralibrary.com

നമ്മുടെ അയലത്തുള്ള കുടുംബങ്ങളിലേക്കു് അനന്തരം നമ്മുടെ സ്നേഹം പ്രവഹിക്കണം. അവർ നമുക്കുവേണ്ടപ്പെട്ടവരാണെന്നു കാണിച്ചുകൊണ്ടും ആവശ്യപ്പെടാതെതന്നെ എല്ലാ വിധത്തിലും അവരെ സഹായിച്ചുകൊണ്ടും വേണം അതു നിർവ്വഹിക്കേണ്ടതു്. ഒന്നിച്ചു ജപമാല പ്രാർത്ഥനയും മററു പ്രാർത്ഥനകളും ചൊല്ലുക. ഇങ്ങനെ പ്രാർത്ഥിക്കുന്ന ഗ്രൂപ്പുകാരാക്കു പൊതു പ്രശ്നങ്ങളെ ഒന്നിച്ചു സമീപിക്കാൻ എളുപ്പമാകും. പാശ്ചാത്യരാജ്യങ്ങളിൽ ക്രിസ്തുമതം ക്ഷയിക്കാനുള്ള ഒരു കാരണം ഓരോ കുടുംബവും മററു കുടുംബത്തെ ആശ്രയിക്കാനിടയാകാത്തവിധം താൻ പോരിമ ഉള്ളതായതാണു്. ആ രാജ്യങ്ങളിൽ ഒരു ഇടവക ജീവിതമെന്നതു് വളരെ ചുരുക്കമെ ഉള്ളൂ. ഇൻഡ്യയിലെ സഭയിലും ഇതു സംഭവിക്കുവാൻ നാം ആഗ്രഹിക്കുന്നുണ്ടോ?

ഇടവക വികാരിയുമായി സംയോജിച്ചുകൊണ്ടു് തങ്ങളുടേതായ രീതിയിൽ ലിററിൽവേ യൂണിററുകൾ ക്രിസ്തുവിനനുയോജ്യമായ സ്നേഹത്തോടെ പരസ്പരം ഐക്യപ്പെടുന്നു. അപ്പോൾ ഭൗതികവും ആദ്ധ്യാത്മികവും ബുദ്ധിപരവുമായ കാര്യങ്ങളിൽ ഒരുത്തനും ദാരിദ്രം അനുഭവിക്കുകയില്ല. ഇടവകയുടെ ആദ്ധ്യാത്മികജീവിതത്തിനായിരിക്കണം അവർ പ്രാമുഖ്യം നല്കേണ്ടതു്. മിഷൻ പ്രവർത്തനത്തിൽ അവർ വൈദികനെ സഹായിക്കണം. എങ്ങനെ ഇതു നിർവ്വഹിക്കാമെന്നുള്ളതു് സംഘടനയുടെ അംഗങ്ങൾ തന്നെ കണ്ടുപിടിക്കണം. പിന്നെ പാവങ്ങളും രോഗികളും ഉണ്ടല്ലോ. യാതൊരുത്തരും ഉപേക്ഷിതരാകരുതു്.

www.malankaralibrary.com

ആദ്ധ്യാത്മികവും സാമൂഹികവുമായ ഈ പ്രവർത്തനങ്ങൾ മിഷൻ ദൈവശാസ്ത്രജ്ഞൻമാരുടെ ഭാഷയിൽ പറഞ്ഞാൽ സുവിശേഷഘോഷണവും വിമോചനവും ഉൾക്കൊള്ളുന്ന പ്രവർത്തനോൻമുഖമായ സ്നേഹത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമാണ്. സ്വർഗ്ഗസ്ഥനായ പിതാവിൻപക്കലേക്ക് എല്ലാവരേയും നയിക്കുന്ന സുവിശേഷങ്ങളിലെ ക്രിസ്തുവിൽ ദൈവമക്കൾ എന്ന നിലയിൽ അവരെ കാണുകയും അവരുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുകയും ചെയ്യുന്ന ക്രിസ്തുവിൽ, അവ ഒന്നുതന്നെയാണ്. ആ ക്രിസ്തുവിനെയാണു നാം ലോകത്തിനു നല്കുന്നത്.

പ്രായോഗികതലത്തിൽ പറഞ്ഞാൽ, നമ്മുടെ പിതാവിനെക്കുറിച്ചു അഭിമാനമുള്ളവരെന്ന നിലയിൽ വചനം കൊണ്ടും മാതൃകകൊണ്ടും സുവിശേഷം പ്രസംഗിക്കുക. വേദപാഠക്ലാസ്സുകൾക്കു സഹായിക്കുക, പള്ളിശരിയായി സംരക്ഷിക്കുക, ആരാധനക്രമത്തിൽ സജീവമായി സഹകരിക്കുക, എല്ലാവരോടും ആത്മാർത്ഥമായും സത്യസന്ധമായും പെരുമാറുക. നമുക്കുള്ളതു മററുള്ളവരുമായി പങ്കിടുക ഇവയാണ്—നമ്മുടെ സമയം, നമ്മുടെ സമ്പത്ത്, നമ്മുടെ അറിവ്, ചുരുക്കത്തിൽ നമുക്കുള്ളവയെല്ലാം തന്നെ.

നമ്മുടെ സംഘടന വൈദികനു സഹായകമായി ഇടവകയുടെ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന ഒന്നാണ്. അതിനാൽ അതിന്റെ ചലനാത്മകഫലം പ്രായഭേദമെന്യ പണ്ഡിത പാമരഭേദമെന്യ, കുബേര കുചേല ഭേദമെന്യ എല്ലാവരിലും ദൃശ്യമാകണം. പ്രായത്തിന്റെ തോതനുസരിച്ചും ജോലികളുടെയും മററും രീതിയനുസരിച്ചും ചെറിയ യൂണിററുകൾ സംഘടി

www.malankaralibrary.com

പ്പിച്ചേ ഇതു സാദ്ധ്യമാകൂ. വല്ലപ്പോഴും ഈ യൂണിററുകൾ ഒന്നിച്ചുചേർന്നു് സമ്മേളനം നടത്തണം. ഇവയുടെ ദൃശ്യമായ ഏകത്വം കാണിക്കാൻ അതാവശ്യമാണു്. സാധാരണയായി യൂണിററുകൾ തനിയെ യോഗം ചേരണം. മററുള്ളവരുടെ പ്രവർത്തനങ്ങളെ ആദ്ധ്യാത്മികതയോടെ കവിച്ചുവയ്ക്കുന്നതിനു ഓരോ യൂണിററും ശ്രമിക്കട്ടെ. ഓരോ യോഗത്തിനും അത്യാവശ്യമായി അനുഷ്ഠേയരീതികളൊന്നുമില്ല; ഇടവകയുടെ ആവശ്യങ്ങൾ കണക്കിലെടുക്കണമെന്നുമാത്രം. മാറിവരുന്ന സാഹചര്യങ്ങളനുസരിച്ചു് പ്രവർത്തിച്ചു് സംഘടനയുടെ ഓജസ്സു് നിലനിറുത്തണം. തങ്ങളുടെ ആശയങ്ങളും പ്രവർത്തനവിധങ്ങളും വ്യക്തമാക്കി പ്രവർത്തനറിപ്പോർട്ടുകൾ വിവിധ യൂണിററുകൾക്കുള്ളററിനയച്ചാൽ അതു കൂടുതൽ സഹായകമാകും.

ദൈവമഹത്വത്തിനും അവിടുത്തെ സ്നേഹം മനുഷ്യരിൽ പ്രചരിപ്പിക്കുന്നതിനുമായി ഈ നല്ല പ്രവൃത്തി മുന്നോട്ടു കൊണ്ടുപോവുക. എല്ലാററിനുമുപരിയായി പ്രാർത്ഥനയുടെ ഐക്യത്തിൽ നാം നിലനില്ക്കുക. ദൈവം നമ്മുടെ മദ്ധ്യത്തിലുള്ളതു് നമുക്കു ശക്തിയും സന്തോഷവും പ്രചോദനവും നല്കുന്നുണ്ടു്. വിജയമോ വലിയ എണ്ണമോ വലിയ പ്രകടനമോ ഒന്നുമല്ല കാര്യം. കാര്യമായിട്ടുള്ളതു് നമുക്കു ചുററും സ്നേഹത്തിന്റെ എളിയ പ്രകാശം പരത്തുകയാണു്. അപ്പോൾ ലോകത്തിലെ അന്ധകാരം നാം മാററും. ക്രിസ്തു അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യും.

ബാംഗ്ളൂർ,
18–10–78. നാഷണൽ ഡയറക്ടർ.

www.malankaralibrary.com

# ലിററിൽവേ ദശവത്സരാഘോഷം

ആദ്ധ്യാത്മിക പരിവർത്തനനോന്മുഖമായ ആഘോഷം എന്നു് അനേകർ വിശേഷിപ്പിച്ച സ്നേഹപ്രകടനവും വിശ്വാസപ്രഖ്യാപനവുമായിരുന്നു ലിററിൽവേ അസോസിയേഷൻ ദശവത്സരാഘോഷം. 1984 ജനുവരി 26–നു് കൊല്ലത്തുവച്ചു നടത്തിയ ആദ്ധ്യാത്മികവും വർണ്ണശബളവുമായ പരിപാടികൾ, കൊല്ലം പട്ടണത്തെ പുളകമണിയിച്ചതോടൊപ്പം കേരളത്തിൻെറ നാനാഭാഗത്തുനിന്നും എത്തിയ ലിററിൽവേ പ്രതിനിധികൾക്കു ആത്മീയ ശക്തി പകരുകയായിരുന്നു.

ജനുവരി 26 ഇൻഡ്യാ റിപ്പബ്ലിക്കായിത്തീർന്ന ദിവസം പ്രഭാതം പൊട്ടി വിടർന്നപ്പോഴേക്കും നാടിൻെറ നാനാഭാഗത്തുനിന്നും 'ലിററിൽവേ' പ്രതിനിധികൾ കൊല്ലം സെൻറു് അലോഷ്യസു് സ്കൂൾ ഗ്രൗണ്ടിലേക്കു പ്രവഹിച്ചു. രാവിലെ 7–30 ആയപ്പോഴേക്കും കൊല്ലം പട്ടണം ഉൽസവാഘോഷത്തിൻെറ വർണ്ണപ്പൊലിമയിൽ പുളകമണിഞ്ഞു. നൂറു കണക്കിനു വൈദികർ, കന്യാസ്ത്രീകൾ ആയിരക്കണക്കിനു ഭക്തജനങ്ങൾ എന്നിവരാൽ അനുഗ്രഹീതയായ ലിററിൽവേ സ്ഥാപക മിസ്സ് മേരി ഡുഹാർ L. W. A പതാക ഉയർത്തിയപ്പോൾ ദശവൽസരാഘോഷത്തിൻെറ പ്രാരംഭമായി പത്തു കതിനാവെടികൾ അന്തരീക്ഷത്തെ പ്രകമ്പനം കൊള്ളിച്ചു. തുടർന്നു് നടന്ന സിമ്പോസിയത്തിൽ കൊല്ലം ഫാത്തിമാ കോളേജ് പ്രൊഫസർ റവ. ഫാ. സ്ററാൻലിറോമൻ മോഡറേററായിരുന്നു. കോട്ടയം വടവാതൂർ സെമിനാരി പ്രൊഫസർ റവ. ഡോ. ആൻറണി മണ്ണൂർക്കുളം പ്രബന്ധം അവതരിപ്പിച്ചു.

www.malankaralibrary.com

ഉച്ചയ്ക്കുശേഷം 2. 15-നു് നൂറൊന്നു വൈദികർ അഭിവന്ദ്യ ജറോം ഫെർണാൻഡസ്സു് തിരുമേനിയോടൊപ്പം ഫാത്തിമാ തീർത്ഥാലയത്തിൽ ദിവ്യബലി അർപ്പിച്ചു. ഫാത്തിമാതീർത്ഥാലയത്തിന്റെ ചുററും ആയിരക്കണക്കിനു ഭക്തജനങ്ങൾ കൂപ്പുകൈകളോടുനിന്നു് കഴിഞ്ഞ പത്തു വർഷം L. W. A. യുടെ നേതൃത്വത്തിൽ നടന്ന നിരവധി സേവനങ്ങളോർത്തു് ദൈവത്തിനു നന്ദി പറഞ്ഞു.

ദിവ്യബലിക്കുശേഷം വർണ്ണശബളമായ ഘോഷയാത്ര കൊല്ലം ഫാത്തിമാ തീർത്ഥാലയത്തിൽനിന്നു ആരംഭിക്കുകയുണ്ടായി. ബാനറുകൾ, മുത്തുക്കുടകൾ, ബാൻറുസെററുകൾ, കൊടിതോരണങ്ങൾ പാട്ടു് ഫ്ളോട്ടു്....എന്നിവ ഘോഷയാത്രയ്ക്കു് നിറപകിട്ടാർന്നു. കൊല്ലം പട്ടണം ദർശിച്ചിട്ടുള്ള ഭക്തിനിർഭരമായ വമ്പിച്ച ഘോഷയാത്രകളിൽ ഒന്നായിരുന്നു L. W. A. പ്രേഷിത റാലി. തുയ്യം വി. സെബസ്ത്യാനോസ് പള്ളിയങ്കണത്തിൽ എത്തിച്ചേർന്ന റാലിയ്ക്കുശേഷം പൊതുസമ്മേളനം ആരംഭിച്ചു. കൊല്ലം രൂപത മെത്രാൻ മോസ്റ്റ് റവ. ഡോ. ജോസഫ് ഫെർണാൻഡസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ലിററിൽവേ സ്ഥാപക മിസ് മേരി ഡൂഹാൻ, ബ്ര. ലൂയിസു് ബ്യൂറോ, ബഹു. കേരള റവന്യൂ മന്ത്രി പി. ജെ. ജോസഫു്, ബഹു. മുൻമന്ത്രി വെല്ലിംഗ്ടൻ, പ്രൊഫ. ഡോ. എബ്രഹാം പി. കോശി, എന്നിവർ പ്രസംഗിച്ചു.

www.malankaralibrary.com

# ലിറ്റിൽവേ സെൻട്രൽ ഓഫീസ്

1984 ജനുവരി മാസം കൊല്ലത്തുവച്ചു നടന്ന ലിറ്റിൽവേ അസോസിയേഷൻ ദശവത്സരാഘോഷങ്ങളിൽ സംബന്ധിച്ച മിസ് മേരി ഡ്യൂഹാൻ L. W. A. കേരളഘടകത്തിനു ഒരു കേന്ദ്ര ഓഫീസ് അനുവദിക്കുകയുണ്ടായി. അതിന്റെ പണികൾ പൂർത്തിയായി കഴിഞ്ഞു. ലിറ്റിൽവേ അസോസിയേഷൻ കേന്ദ്ര ഓഫീസിന്റെ അഡ്രസ്സ് താഴെ ചേർക്കുന്നു. ലിറ്റിൽവേ കേരളഘടകവുമായി ബന്ധപ്പെട്ട എല്ലാ കത്തിടപാടുകൾക്കും ഈ അഡ്രസ്സ് ഉപയോഗിക്കേണ്ടതാണ്.

**Little Way Association,**
**Central Office,**
**Thottappally P. O., 688 563,**
**Alleppey, Kerala.**

www.malankaralibrary.com

## ചെറിയപുഷ്പ സൂക്തങ്ങൾ

1 എന്റെ ദൈവവിളിയുടെ സാരാംശം സ്നേഹമാണെന്നു് എനിക്കു മനസ്സിലായി.

2 ഓ എന്റെ ഈശോ! ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

3 ഈശോ! ഞാൻ തീരെ കുഞ്ഞാണു്. മഹത്കൃത്യങ്ങൾ ചെയ്യാൻ എനിക്കു ശേഷിയില്ല.

4 ഓ ഈശോ! അങ്ങേ വാത്സല്യാതിരേകം എത്ര അവർണ്ണനീയമാണെന്നു എല്ലാ കുഞ്ഞാത്മാക്കളെയും ബോദ്ധ്യപ്പെടുത്താൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ!

5 ഓ ഈശോ! എന്റെ പ്രഥമ സ്നേഹിതാ. എന്റെ ഏക സ്നേഹിതാ അങ്ങേ മാത്രമാണല്ലോ ഞാൻ സ്നേഹിക്കുന്നതു്.

6 എന്റെ പ്രാണനാഥാ! എന്റെ സ്നേഹം അങ്ങയെ ബോദ്ധ്യപ്പെടുത്തുവാൻ പുഷ്പവിതരണമല്ലാതെ യാതൊരു മാർഗ്ഗവും എനിക്കില്ല. അതായതു് യാതൊരു നിസ്സാര സഹനവും, യാതൊരു വാക്കും നഷ്ടമായിപ്പോകാൻ അനുവദിക്കാതിരിക്കുക എററവും നിസ്സാരമായ സംഗതികൾ പോലും പ്രയോജനപ്പെടുത്തുക. അവയെല്ലാം സ്നേഹത്തെപ്രതി നിറവേററുക. സന്താപമെന്നപോലെ സന്തോഷവും ഞാൻ സ്നേഹത്തെപ്രതി അനുഭവിക്കും. അങ്ങനെ ഞാൻ അങ്ങേയുടെ സിംഹാസനത്തിനു മുൻപിൽ പൂക്കൾ വിതറും.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



കേരളത്തിലെ ലിററിൽ വേ സംബന്ധമായ
എല്ലാ കത്തിടപാടുകൾക്കും താഴെ കൊടുത്തിരിക്കുന്ന
സെൻട്രൽ ഓഫീസിന്റെ അഡ്രസ് ശ്രദ്ധിക്കുക.


**Little Way Association,**
**Central Office,**
**Thottappally P. O., 688 563,**
**Alleppey, Kerala.**


---


*Printed at St. Mary's Press, Pattom, Trivandrum-695004.*



www.malankaralibrary.com